സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ഉൾപ്പേജുകളിൽ

- ചോരച്ചാലുകൾ ഒഴുകുന്നു 2
- ബുന്ദേലി/കാലികം 3
- വന്നവഴികൾ 4
- മഹത്വത്തിൽ/ക്വിസ് 5
- ചിന്ത/വാർത്തകൾ 6

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 39

28 ഫെബ്രുവരി 2015 പുസ്തകം 37 ലക്കം 39 പേജ് 6

വിവാഹം – വിവാഹമോചനം – പുനർവിവാഹം

ഒരുദേഹത്തെ രണ്ടാക്കിയാൽ മരണം സുനിശ്ചിതമാണ്. അതുകൊണ്ട് മരണത്തിനല്ലാതെ അവരെ വേർപിരിപ്പാൻ മറ്റൊന്നിനും കഴിയുന്നതല്ല.

പി.റ്റി. സാമുവേൽ, കൊട്ടാരക്കര

വിവാഹം

ഒരു നല്ല കുടുംബം ഉളവാകുന്നത് ദൈവഹിതത്താലുള്ള വിവാഹാലോചനയിലൂടെയും വിവാഹത്തിലൂടെയുമാണ്. വിവാഹാലോചനയെക്കുറിച്ച് പല മാനദണ്ഡങ്ങളാണ് നാം വയ്ക്കാറുള്ളത്. സൗന്ദര്യം, വിദ്യാഭ്യാസം, ജോലി, കുടുംബശ്രേഷ്ഠത, സാമ്പത്തികം ഇങ്ങനെ പോകുന്നു കാര്യങ്ങൾ. ഇതിൽ ആത്മികം പലർക്കും ഒരു വിഷയമല്ല. ദൈവഹിതം നോക്കുന്ന പ്രശ്നമേയില്ല. വിവാഹത്തിന് മുമ്പ് വിവാഹാലോചന തന്നെ തെറ്റിപ്പോയാൽ പിന്നീട് വരുന്ന കുഴപ്പങ്ങൾ ഒരു സഭയ്ക്കും, മൂപ്പന്മാർക്കും പറഞ്ഞുതീർക്കാൻ പറ്റുന്നതല്ല. ആരംഭം ശരിയാണെങ്കിൽ അവസാനവും നല്ലതു തന്നെയായിരിക്കും.

ദൈവഹിതത്താൽ നടക്കുന്ന വിവാഹം ദൈവനാമം മഹത്വപ്പെടുകയും ദൈവസഭയ്ക്ക് അനുഗ്രഹകരമായി ഭവിക്കയും ചെയ്യും.

മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ടിട്ടാണ് ദൈവം അവനു 'തക്ക' തുണയെ നല്കിയത്. അവൻ ആദിയിൽ തന്നെ ആണും പെണ്ണുമായി സൃഷ്ടിച്ചു. വിവാഹത്തിന്റെ പരിശുദ്ധിയെ സംബന്ധിച്ച് വചനം പറയുന്നത് "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ. എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രാ. 10:34). വിവാഹം വ്യത്യാസമില്ലാതെ എല്ലാവർക്കും ആവശ്യമായ ഒന്നായിട്ടാണ് ദൈവം നല്കിയിരിക്കുന്നത്.

സന്താനപുഷ്ടിയുള്ളവരായി പെരുകുവാൻ ദൈവം വച്ചിരിക്കുന്ന വ്യവസ്ഥ കൂടെയാണ് വിവാഹം. ആദമിൽ നിന്നും ഹവ്വയെ വേർതിരിച്ച് അവർ രണ്ടല്ല, ഒന്നത്രേ എന്ന് സ്രഷ്ടാവ് തന്നെ കല്പിച്ചു. ദൈവം ഒന്നാക്കിയതിനെ ദൈവത്തിന് മാത്രമേ വേർപിരിപ്പാൻ കഴികയുള്ളു. ഒന്നിൽ നിന്നും രണ്ടാക്കി, അതിനെ മനുഷ്യർക്ക് വേർപിരിപ്പാൻ അനുവാദം കൊടുക്കാതെ സർവ്വ അധികാരിയായ ദൈവം ഒന്നാക്കി തീർത്തിരിക്കയാണ്. ആദ്യ കുടുംബം തുടങ്ങി അത് ഇന്നുവരേയും തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നും ആ നിയമത്തിന് ഒരു മാറ്റവും വന്നിട്ടില്ല. അതുകൊണ്ടാണ് ഇന്നും വിവാഹം നടത്തുന്ന ദൈവദാസൻ ആവർത്തിച്ചു ഈ കാര്യം പ്രസ്താവിക്കയും വധൂവരന്മാരെക്കൊണ്ട് ആമേൻ പറയിപ്പിക്കയും ചെയ്യുന്നത്.

(എന്നാൽ ഇന്ന് പുനർ വിവാഹം നടത്തുന്ന (പ്രാർത്ഥിച്ച് ആശീർവദിക്കുന്ന) ദൈവദാസന്മാർ ഏതു വചനം പറഞ്ഞാണ് ആമേൻ പറയിപ്പിക്കുന്നത്?)

ആദിയിൽ ആദമിനേയും ഹവ്വയേയും ഒന്നാക്കി തീർത്ത മഹത്ക്കർമ്മം മനുഷ്യനല്ല, മനുഷ്യന്റെ കണ്ടുപിടുത്തവുമല്ല, ദൈവം തന്നെയാണ് വിവാഹം എന്ന കാര്യം നിറവേറ്റിയിരിക്കുന്നത്. അതിന്റെ പരിശുദ്ധിയും പരിപാവനതയും അതിൽ തന്നെയുണ്ട്. ഇന്ന് ദൈവസഭയുടെ സാന്നിധ്യത്തിൽ ദൈവദാസന്മാരാൽ നടത്തപ്പെടുന്ന പലവിവാഹങ്ങളും ആർഭാടത്തിന്റെയും ധൂർത്തിന്റെയും പൊങ്ങച്ചത്തിന്റെയും വേദിയാക്കി മാറ്റിയിരിക്കയാണ്. വിവാഹം ദൈവസാന്നിധ്യത്തിലും ദൈവിക ആലോചനയിലും ഭയഭക്തി ബഹുമാനത്തോടെ ദൈവം കല്പിച്ച കല്പന ഒരു കാരണവശാലും (ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്) മാറ്റുകയില്ല എന്ന ദൃഢ നിശ്ചയത്തോടെ നടത്തപ്പെടേണ്ട ഒന്നാണ്.

വിവാഹ മോചനം

ഇന്ന് ഏത് മതസ്ഥരേക്കാളും കൂടുതൽ വിവാഹമോചനം നടക്കുന്നത് ക്രൈസ്തവ സമൂഹത്തിലാണ്. കുടുംബകോടതികളുടെ പരിസരത്തുള്ള തിക്കും തിരക്കും ഓരോ ദിവസം കഴിയുന്തോറും കൂടിക്കൊണ്ടിരിക്കുയാണ്. ഒരു കാലത്ത് വേർപെട്ട ദൈവജനങ്ങളുടെ മധ്യത്തിൽ പേർ പറയുവാൻ പോലുമില്ലാത്ത വിവാഹമോചനമെന്ന കാര്യം ഇന്ന് സർവ്വസാധാരണമായിരിക്കയാണ്. വളരെ നിസ്സാര കാര്യങ്ങൾക്ക് പോലും ഭാര്യാഭർത്താക്കന്മാർ വേർപിരിയുവാൻ ആഗ്രഹിക്കയാണ്. ഭർത്താവ് ഉറക്കത്തിൽ കൂർക്കം വലിക്കുന്നു, ഭാര്യയുടെ വണ്ണം കൂടുന്നു, ഇങ്ങനെ നിസ്സാര കാര്യത്തിന് കോടതിയെ സമീപിച്ച് വേർപിരിയുന്നവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ഇതിൽ ദൈവമക്കളുടെ പ്രമാണമെന്താണ്? ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് (മത്താ. 19:6). ഭാര്യാഭർത്താക്കന്മാരായി, ഒരു ദേഹമാക്കിതീർത്തത് ദൈവമാണ്. ഒരുദേഹത്തെ രണ്ടാക്കിയാൽ മരണം സുനിശ്ചിതമാണ്. അതുകൊണ്ട് മരണത്തിനല്ലാതെ അവരെ വേർപിരിപ്പാൻ മറ്റൊന്നിനും കഴിയുന്നതല്ല. പൗലോസ് പറയുമ്പോൾ കഷ്ടതയോ സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ വാളോ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ (കോടതികൾക്കോ) ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ദൈവസ്നേഹത്തിൽ നിന്ന് വേർപിരിപ്പാൻ കഴിവുള്ളതല്ല (റോമ. 8:35-39). ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എഫെസ്യലേഖനത്തിൽ പറയുമ്പോൾ കർത്താവും സഭയുമായിട്ടുള്ള ബന്ധത്തെയാണ് അത് കാണിക്കുന്നത്. ഭാര്യാഭർത്തൃ സ്നേഹബന്ധത്തിൽ നിന്ന് യാതൊന്നിനാലും വേർപിരിപ്പാൻ കഴിവുള്ളതല്ല. കർത്താവായ യേശുക്രിസ്തുവിൽ നിന്ന് സഭയെ വേർപിരിപ്പാൻ കഴിയാത്തതുപോലെ ഭർത്താവിൽ നിന്ന് ഭാര്യയെയും ഭാര്യയിൽ നിന്ന് ഭർത്താവിനെയും വേർപിരിപ്പാൻ കഴിയുന്നതല്ല.

ചില 'ബിലെയാമ്യ ഉപദേഷ്ടാക്കന്മാർ' വിവാഹമോചിതരായ വ്യക്തികളോട് ഉപദേശിക്കുന്നതിപ്രകാരമാണ്: നിങ്ങൾ രജിസ്റ്റർ വിവാഹം കഴിച്ചിട്ട് കുറച്ചു നാൾ മാറിയിരിക്ക, പിന്നെ ഒരു സാക്ഷ്യം പറഞ്ഞ് 'തിരു അത്താഴത്തിൽ' പങ്കുകൊണ്ട് ചേർന്ന് പൊയ്ക്കൊൾക.

1 കൊരി. 7:15-ൽ "അവിശ്വാസി വേർപിരിയുന്നു എങ്കിൽ" എന്നൊരു പ്രസ്താവന കാണുവാൻ കഴിയുന്നു. അപ്പോൾ ദൈവവചനം തന്നെ വിവാഹമോചനം അനുവദിക്കുന്നു എന്ന് തോന്നിയേക്കാം. പക്ഷെ ഇവിടെ പറയുന്ന കാര്യം മറ്റൊന്നാണ്. ആദ്യ നൂറ്റാണ്ടിൽ വിശ്വാസത്തിലേക്കു വന്ന പ്രിയപ്പെട്ടവർ കുടുംബമായും ഒറ്റയ്ക്കും മുന്നോട്ടു വരികയായിരുന്നു. കുടുംബമായി വന്നവർക്ക് ബുദ്ധിമുട്ട് വന്നില്ല. എന്നാൽ ഒറ്റയ്ക്ക് വന്നവർക്ക് കുടുംബജീവിതത്തോടുള്ള ബന്ധത്തിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നു. ഭാര്യ വിശ്വാസത്തിലേക്ക് വന്നപ്പോൾ ഭർത്താവിന് അതുൾക്കൊള്ളാൻ പ്രയാസമായി. അതുപോലെ തിരിച്ചും. അങ്ങനെ വന്നപ്പോഴാണ് ദൈവാത്മാവ് പറഞ്ഞത്, വിശ്വാസി ഒരിക്കലും എന്ത് കഷ്ടം നേരിട്ടാലും പീഡ ഉണ്ടായാലും വേർപിരിയുക എന്നൊരാശയം മുന്നോട്ടു വയ്ക്കരുത്. അവിശ്വാസി ഒരു പക്ഷെ നീ വിശ്വാസിയായി തീർന്നു എന്ന കാരണത്താൽ ഇനി നിന്നോടൊത്ത് ജീവിക്കാൻ പറ്റില്ല എന്നു വന്നാൽ ആകാം. ഇക്കാര്യത്തിലും ഒരു കാരണവശാലും വിശ്വാസിക്ക് വിവാഹമോചനം അനുവദനീയമല്ല എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. എന്നാൽ വിവാഹം ചെയ്യാൻ പോകുന്ന വിശ്വാസിക്ക് "അവിശ്വാസിയുമായി ഇണയല്ലാപ്പിണ കൂടരുത്" എന്ന കല്പനയത്രേ നല്കിയിരിക്കുന്നത്. (2 കൊരി. 6:14).

ഇന്ന് സർവ്വസാധാരണയായി വിവാഹമോചനം വിശ്വാസികളുടെ ഇട

➢ശേഷം 2-ാം പേജിൽ

ദിവ്യ ഗുണങ്ങളായ സ്നേഹവും സഹിഷ്ണുതയും

കഴിഞ്ഞലക്കം തുടർച്ച

കെ.എൽ. യോഹന്നാൻ

സ്നേഹത്തിന്റെ വീതി

ഇത് ഹൃദയത്തിന്റെ വിശാലതയെ കാണിക്കുന്നു. യേശു ഈ ഭൂമിയിലുള്ള സകലരെയും സ്നേഹിച്ചു. ഭാഷ, ജാതി, വർണ്ണ, വ്യത്യാസമില്ലാതെ ലോകത്തിൽ താൻ സ്നേഹിച്ചവരെ അവസാനത്തോളം സ്നേഹിച്ചു. അതുപോലെ മറ്റുള്ളവരെ സഹിക്കുവാനും സ്നേഹിക്കുവാനും നമുക്ക് വിശാലഹൃദയം ആവശ്യമാണ്; ദൈവസ്നേഹത്താൽ മാത്രമെ ഹൃദയവിശാലത ലഭിക്കുകയുള്ളു. ദൈവം ശലോമോന് ന്യായപാലനത്തിന് ആവശ്യമായ ഏറ്റവും വളരെ ജ്ഞാനവും ബുദ്ധിയും കടല്ക്കരയിലെ മണൽപോലെ ഹൃദയവിശാലതയും കൊടുത്തു. എന്നാൽ ദൈവം കൊടുത്ത അനുഗ്രഹങ്ങൾ ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുവാൻ തനിക്കു കഴിഞ്ഞില്ല. ദൈവപ്രമാണം വിട്ട് അന്യജാതികാരത്തികളായ സ്ത്രീകളെ വിവാഹം കഴിച്ചതിനാൽ അവൻ വയോധികനായപ്പോൾ അവർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു കളഞ്ഞു.

ദൈവം നമുക്ക് തരുന്ന കൃപകളെ ദൈവസ്നേഹത്തിൽ സൂക്ഷിക്കണം. ദൈവത്തിന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. കല്പനകളെ പ്രമാണിക്കാത്തവർക്ക് ദൈവസ്നേഹത്തിൽ നിലനിൽക്കുവാൻ സാധ്യമല്ല. ദൈവസ്നേഹത്തിന്റെ നിറവത്രേ യേശുക്രിസ്തു ക്രൂശിൽ വെളിപ്പെടുത്തിയത്. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകേ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു. പിതാവായ ദൈവം പുത്രനെ നടത്തിയ എല്ലാ വഴികളിലും അവൻ പൂർണ്ണമായി അനുസരിച്ചു. യേശുക്രിസ്തുവിന്റെ ഈ ലോകജീവിതത്തിൽ- വിശേഷാൽ ഗെത്ശെമന മുതൽ കാൽവറി വരെയുള്ള അതികഠിനമായ കഷ്ടതയുടെ എല്ലാ പാതകളിലും അവൻ സഹിഷ്ണുത ഉള്ളവനായിരുന്നു.

ക്ഷിപ്രകോപിയായിരുന്ന പത്രോസിന്റെ ഹൃദയം ദൈവസ്നേഹത്താൽ നിറഞ്ഞപ്പോൾ ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിപ്പാൻ വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ എന്ന് പ്രബോധിപ്പിക്കത്തക്കവണ്ണം അവനിൽ രൂപാന്തരം ഉണ്ടായി (1 പത്രോ. 3:9).

സ്നേഹത്തിന്റെ നീളം

ഇത് ദീർഘക്ഷമയെ കാണിക്കുന്നു. യഥാർത്ഥ സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. മനുഷ്യസ്നേഹം വ്യവസ്ഥയ്ക്ക് അധീനമാണ്. എന്നാൽ ദൈവത്തിന്റെ സ്നേഹം നിരുപാധികമാണ്. ക്ഷമിക്കുന്ന സ്നേഹമാണ്. നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കണം, ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും അങ്ങനെ തന്നേ ചെയ്യും എന്ന് യേശുകർത്താവ് പറഞ്ഞു (മത്താ.

➢ശേഷം 6-ാം പേജിൽ

വൈ.എം.ഇ.എഫ്. മലബാർ ഡിവിഷൻ

ബൈബിൾ ക്യാമ്പ്

2015 ഏപ്രിൽ 13,14,15 (തിങ്കൾ, ചൊവ്വ, ബുധൻ)

വയനാട് താന്നിക്കൽ ബ്രദറൺ അസംബ്ലി ഹാൾ

പ്രധാന ലീഡേഴ്സ്: **ജോസ് മാങ്കുടി, റ്റി. പി. കനകരാജ്**

ജിജു ജോർജ്ജ്, സെക്രട്ടറി

ചോരച്ചാലുകൾ ഒഴുകുന്നു

സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
2015 ഫെബ്രുവരി 28
പുസ്തകം 37, ലക്കം 39

◆

പാപക്കറകൾ
നീക്കുവാൻ
ക്രിസ്തുവിന്റെ
പരിശുദ്ധ
രക്തം
മാത്രം

◆

നാം എങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ലോകസംഭവങ്ങൾ നമുക്ക് സൂചന നല്കുന്നു. ലോക മനഃസാക്ഷിയെ ഞെട്ടിച്ചുകൊണ്ട് കൊടും ക്രൂരതകൾ കൃത്യമായ ഇടവേളയിട്ട് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നിരപരാധികളുടെ രക്തം കുടിച്ച് ഈ ഭൂമി പ്രപഞ്ചഗോളങ്ങൾക്കു മുമ്പിൽ ലജ്ജാഭാരത്തോടെ തലകുനിച്ചു നില്ക്കുന്നു. ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പീഡനങ്ങളാണ് മധ്യധരണിയാഴിയുടെ നാലുപുറവും നടന്നുകൊണ്ടിരിക്കുന്നത്. ചോരച്ചാലുകൾ ഒഴുകിയിറങ്ങി ആ മഹാസമുദ്രം ചുവക്കുന്നു. തന്നെയുമല്ല അത് ലോകം മുഴുവൻ കാണിക്കയും ചെയ്യുന്നു! മാത്രമല്ല, പാക്കിസ്ഥാൻ, ആഫ്രിക്ക, വടക്കൻ കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ലഭിക്കുന്ന ക്രൈസ്തവ പീഡന കണക്കുകൾ നമ്മെ ഞെട്ടിക്കുന്നതാണ്.

നമ്മുടെ രാജ്യത്തും മതസഹിഷ്ണുത താറുമാറാക്കാൻ ചില കുത്സിത ശ്രമങ്ങൾ നടക്കുന്നതായി ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതിന്റെ തെളിവാണ് അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ ഈ അടുത്ത സമയത്തെ ചില പ്രസ്താവനകൾ. ഇന്ത്യയിൽ മതസ്വാതന്ത്ര്യം കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത തന്റെ ഭാരത സന്ദർശന വേളയിൽ താൻ ഊന്നി പറയുകയുണ്ടായി. മതസ്വാതന്ത്ര്യം എല്ലാ പൗരനും ഉറപ്പാക്കുക എന്നത് ഏതു രാജ്യത്തിന്റെയും ഭരണകർത്താക്കളുടെ പരമോന്നത ഉത്തരവാദിത്തമാണെന്ന് അദ്ദേഹം വിലയിരുത്തി. നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 25 പ്രകാരം ആർക്കും ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കുവാനും അത് പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉറപ്പു നല്കുന്നുവെന്നും താൻ ഓർമ്മിപ്പിച്ചു. ഇപ്പോൾ നിലനില്ക്കുന്ന മതസൗഹാർദ്ദം സൂക്ഷിക്കാനായില്ലെങ്കിൽ അത് ഒരു രാജ്യമെന്ന നിലയിൽ ഭാരതത്തിന്റെ വളർച്ചയ്ക്ക് വലിയ തടസ്സമാകുമെന്നും താൻ പിന്നീട് പ്രസ്താവിക്കുകയുണ്ടായി.

വാക്കുകൾ കൊണ്ടും ചെയ്തികൾ കൊണ്ടും മതവികാരം ആളിക്കത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മതതീവ്രവാദികൾ മുന്നോട്ടു നീങ്ങുന്നത്. മതങ്ങളെ തൊടുന്നതിലൂടെ ലോകസമാധാനത്തെ തൊടാനാവുമെന്ന് സമാധാനത്തിന്റെ ശത്രുവായ പിശാചിനറിയാം. അതല്ലെങ്കിൽ മതങ്ങളെ അനുനയിപ്പിച്ച് ഒന്നാക്കി ഒരു മൂഢസമാധാനം കാഴ്ചവയ്ക്കാനാവുമെന്നും അവനറിയാം- അതിലേക്കാണ് ലോകം ഇന്ന് നീങ്ങിക്കൊണ്ടിരിക്കുന്നത്.

മനുഷ്യചരിത്രം ആരംഭിക്കുന്നതു തന്നെ ഒരു കൊലപാതകത്തിലൂടെയാണ്- അതും ആരാധനയുടെ പേരിൽ; അഥവാ ഇന്നത്തെ അർത്ഥത്തിൽ മതത്തിന്റെ പേരിൽ. അന്നു ഹാബേലിന്റെ രക്തം ഇവിടെ വീണെങ്കിൽ അതിന്റെ തുടർച്ചയെന്നോണം എത്രയോ അരുംകൊലകൾ അരങ്ങേറിക്കഴിഞ്ഞു. യെരുബ്ബാലിന്റെ പുത്രന്മാരായി തന്റെ സഹോദരന്മാരായ 70 പേരെയും അബീമേലെക്ക് ഒരു കല്ലിന്മേൽ വച്ച് കൊല്ലുന്ന ചിത്രം ന്യായാധിപന്മാരുടെ പുസ്തകത്തിൽ നാം കാണുന്നു. അന്ന് ഒളിച്ചുകളഞ്ഞ യോഥാമിലൂടെ ദൈവം അതിന് പ്രതിക്രിയ ചെയ്യുന്നതായും നാം ആ ചരിത്രത്തിൽ വായിക്കുന്നുണ്ട്. പിന്നെ തുടർന്നങ്ങോട്ട് മനഃസാക്ഷിയെ ഞെട്ടിക്കുന്ന എത്രയോ അരുംകൊലകൾ ചരിത്രത്തിന്റെ താളുകളിൽ ഇടം പിടിച്ചു- ഇതു വീണുപോയ മനുഷ്യന്റെ കഥ.

ഇതിനെല്ലാം അവസാനമായി ദൈവത്തിന്റെ ഒരു പ്രതികാരദിവസം വരുന്നു എന്ന് വെളിപ്പാടു പുസ്തകത്തിലൂടെ നാം മനസ്സിലാക്കുന്നു. ന്യായവിധിയുടെ മൂർച്ചയേറിയ കോങ്കത്തി എറിഞ്ഞ് ഭൂമിയിലെ മുന്തിരിക്കുല അറുത്ത് ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ട് മെതിച്ച് നീതി നടപ്പാക്കുന്ന ദൈവിക പ്രവൃത്തി അവിടെ നാം കാണുന്നു. കണ്ണുള്ള ദൈവം നിഷ്കളങ്കന്റെ നിസ്സഹായത കാണുന്നു; ചെവിയുള്ള ദൈവം നിരപരാധിയുടെ നിലവിളി കേൾക്കുന്നു. ദൈവനീതിക്കു ദാക്ഷിണ്യമില്ല; അവൻ നീതി നടപ്പാക്കുകതന്നേ ചെയ്യും. “അതേ, സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ” (വെളി. 16:7) എന്നുള്ള യാഗപീഠത്തിന്റെ ശബ്ദവും ഈ സന്ദേശം തന്നെയാണ് നല്കുന്നത്.

ഈ കൃപാകാലത്ത് മനം തിരിയുന്ന ഏതൊരുവനെയും രക്ഷിക്കുവാൻ ദൈവകൃപയുടെ ആഴം അത്രയാണ് എന്നത് എത്രയോ ആശാവഹം. എന്നാൽ മനംതിരിയുന്നില്ലെങ്കിൽ അവൻ തന്റെ വാളിന്ന് മൂർച്ച കൂട്ടും. മാനസാന്തരപ്പെട്ട് ക്രൂശിന്റെ ചുവട്ടിൽ വരുന്നവന് ദൈവിക ക്രോധാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട് നിത്യ രക്ഷയുടെ വലയത്തിലാകാം- അതിനുള്ള തെരഞ്ഞെടുപ്പ് വ്യക്തിപരമാണ്.

കാൽവറി മലയിൽ നിന്നും ഒഴുകിയിറങ്ങുന്ന ദൈവപുത്രനായ ക്രിസ്തുവിന്റെ അതിവിശുദ്ധ രക്തം ഭൂഖണ്ഡങ്ങളിന്മേൽ ഇന്നേവരെ പതിച്ച രക്തക്കറകൾ മായിച്ചു കളയുമ്പോൾ അതിന് ഗുണഭോക്താക്കളാകുവാൻ സ്വയം സമർപ്പിതരായില്ലെങ്കിൽ പിന്നെ അഗ്നിനാളങ്ങൾക്കേ അതെല്ലാം ശുദ്ധീകരിക്കാനാകൂ എന്നത് മറക്കേണ്ട.

ചീഫ് എഡിറ്റർ

➢ 1-ാം പേജിൽ നിന്നും തുടർച്ച

വിവാഹം.....

യിൽ നടക്കുന്നത് രണ്ട് കാരണത്താലാണ് 1. മാനസിക രോഗിയാണ് എന്ന കാരണം. 2. ആണും പെണ്ണുമല്ലാത്ത (ശേഷിയില്ലാത്ത) ചിലരെ മറച്ചു വച്ചുകൊണ്ട് മാതാപിതാക്കൾ വിവാഹം കഴിപ്പിക്കുന്നു. ഒന്നാമതായി നാം കണ്ട മാനസിക രോഗം ദമ്പതികളെ ഉടമ്പടി ചെയ്യിക്കുമ്പോൾ വ്യക്തമായി പറയിപ്പിക്കുന്ന ഒരു കാര്യമാണ്. രോഗത്തിലും സൗഖ്യത്തിലും ദൈവം എന്തു തന്നാലും വേർപിരിയുകയില്ല എന്നു ഏറ്റുചൊല്ലിയ ഒരാൾക്ക് ഈ രോഗ കാരണത്താൽ മോചനം ആവശ്യപ്പെടാൻ പറ്റുന്നതല്ല.

ഇക്കൂട്ടരെ എങ്ങനെ ഒരു സഭയിൽ ചേർത്തു കൊള്ളാനാവും? ഇന്ന് നമ്മുടെയിടയിൽ ഈ ദുഷിച്ച പ്രവണത കൂടിക്കൊണ്ടിരിക്കയാണ്.

ഒരു സംഭവ കഥ ഇവിടെ കുറിക്കട്ടെ, ഒരിക്കൽ ഒരു സഭയിൽ ഒരാൾ സാക്ഷ്യം പറഞ്ഞപ്പോൾ എന്റെ ഭാര്യ മാനസിക രോഗിയാണ് അവളോട് കൂടെ ജീവിക്കാൻ ബുദ്ധിമുട്ടാണ് വേർപെടണമെന്ന് ആഗ്രഹിക്കയാണ് എന്നു സാക്ഷ്യം പറഞ്ഞു. ഇത് അല്പം അക്കലെയുള്ള ഒരു പാസ്റ്ററുടെ ചെവിയിൽ എത്തി. ഇത് അറിഞ്ഞതിന്റെ പിറ്റേദിവസം അതിരാവിലെ തന്നെ എഴുന്നേറ്റ് സാക്ഷ്യം പറഞ്ഞ വിശ്വാസിയുടെ വീട്ടിൽ എത്തി. സൗഹൃദ സംഭാഷണങ്ങൾ നടത്തി പിരിയുമ്പോൾ സ്നേഹിതൻ അത്യാവശ്യമായി എന്റെ വീടുവരെ ഒന്നു വരണമെന്ന് അപേക്ഷിച്ചു. ഏതായാലും പാസ്റ്ററുമൊത്ത് താൻ പോയി. പാസ്റ്ററുടെ വീട്ടിൽ ചെന്ന് ഒരു മുറി തുറന്ന് ഒരു മൂലയിലിരിക്കുന്ന തന്റെ ഭാര്യയെ കാട്ടികൊടുത്തു. ഒരു പ്രാകൃതവേഷത്തിൽ ഭ്രാന്തിയായ സ്ത്രീയെയാണ് കാണാൻ കഴിഞ്ഞത്. തിരിച്ച് ഗസ്റ്റ് റൂമിൽ കൊണ്ടു വന്നു താൻ പറഞ്ഞതിപ്രകാരമാണ്, സഹോദരാ 23 വർഷം മുമ്പ് ദൈവം എന്നെ ഏല്പിച്ച എന്റെ ഭാര്യയാണ്. ഇന്നുവരെ അവളെ ഞാൻ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു. വിവാഹമോചനം ഇന്നുവരെ ഞാൻ ചിന്തിട്ടേയില്ല. കാരണം മരണത്താലല്ലാതെ നമ്മെ ഒന്നിനും ആർക്കും വേർപിരിപ്പാൻ കഴിവുള്ളതല്ല എന്ന് ഞാൻ വാക്കു കൊടുത്തതാണ്. ഏതായാലും മറ്റെ വ്യക്തിയും ഞാൻ വേർപിരിയുകയില്ല എന്നു തീരുമാനമെടുത്ത് മടങ്ങിപ്പോയി എന്നാണ് കേട്ടത് (ഈ എഴുത്തുകാരന് വ്യക്തിപരമായി അറിയാവുന്ന കാര്യമാണിത്).

രണ്ടാമതായി കണ്ട കാര്യത്തെക്കുറിച്ച് കുടുംബജീവിതത്തിന് ദൈവം അനുവദിച്ചിട്ടില്ലാത്ത അല്ലെങ്കിൽ വിവാഹം വേണ്ട എന്ന നിലയിലും തീരുമാനത്തോടെ നില്ക്കുന്ന വ്യക്തികളെ നിർബന്ധിച്ചോ മറ്റോ വിവാഹത്തിലേക്ക് നയിക്കുമ്പോൾ അത് പലദോഷങ്ങൾക്കും കാരണമായിത്തീരുന്നു. മാതാപിതാക്കൾ കുറവുകൾ മറച്ചുവച്ചും നിർബന്ധിച്ചും ചെയ്യുന്ന വിവാഹങ്ങൾ പില്ക്കാലത്ത് സഭകൾക്ക് തലവേദനയായി മാറുകയും വിവാഹമോചനത്തിലെത്തിച്ചേരുകയും ചെയ്യുന്നു.

ഇപ്പോൾ ഈ രണ്ടു കാരണവുമല്ലാതെയും ചില വിവാഹമോചനം നമ്മുടെയിടയിൽ കേട്ടിട്ടുണ്ട്. അമേരിക്ക എന്ന ഈ ലോകത്തിലെ പറുദീസയിലേക്ക് കടക്കാൻ ആദ്യ ഭർത്താവിനെ ഉപേക്ഷിച്ച് ഒരു അമേരിക്കൻ രണ്ടാം ഭർത്താവിനെ സ്വീകരിച്ച് അമേരിക്കയിലേക്ക് കുടിയേറിയ കഥ കേൾക്കുവാനിടയായി. അതുകൊണ്ട് ദൈവമക്കൾക്ക് വിവാഹമോചനം എന്ന കാര്യം ഒരു കാരണവശാലും അനുവദനീയമല്ല.

പുനർവിവാഹം

ഇന്നത്തെ സാഹചര്യത്തിൽ പുനർവിവാഹത്തെക്കുറിച്ച് വളരെ ചിന്തിക്കേണ്ടതും സഭകൾ ഒരു ഉറച്ച തീരുമാനത്തിലെത്തേണ്ടതും ആവശ്യമാണ്. ഇന്ന് ഇത് വളരെ ലാഘവത്തോടെയാണ് മൂപ്പന്മാരും, സുവിശേഷകന്മാർ പോലും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും നിലയിൽ ഒരു വ്യക്തി വേർപിരിഞ്ഞു എന്നിരിക്കട്ടെ, മറ്റെ വ്യക്തി ഏകനായി തീർന്നാൽ, മാനുഷിക പരിഗണന വച്ച് വിവാഹം നടത്തിക്കൊടുപ്പാൻ ദൈവസഭയ്ക്കോ വിശ്വാസികൾക്കോ അനുവാദമില്ല. 1 കൊരി. 7:11 -ൽ വിവാഹം കൂടാതെ പാർക്കേണം. അവരിൽ ഒരാൾ മരിക്കുന്നതുവരെയും തനിച്ച് പാർക്കേണ്ടതാണ്. ദൈവത്തിന്റെ ന്യായമുള്ള വിധിക്കായിട്ട് കാത്തിരിക്കേണ്ടത് ആവശ്യമാണ്. ചില ‘ബിലെയാമ്യ ഉപദേഷ്ടാക്കന്മാർ’ വിവാഹ മോചിതനായ വ്യക്തികളോട് ഉപദേശിക്കുന്നതിപ്രകാരമാണ്: നിങ്ങൾ രജിസ്റ്റർ വിവാഹം കഴിച്ചിട്ട് കുറച്ചു നാൾ മാറിയിരിക്ക, പിന്നെ ഒരു സാക്ഷ്യം പറഞ്ഞ് ‘തിരുഅത്താഴത്തിൽ’ പങ്കുകൊണ്ട് ചേർന്ന് പൊയ്ക്കൊൾക.

ഇനി ഇങ്ങനെ ദൈവകല്പന മാനിക്കാതെ വിവാഹമോചനം നടത്തുകയും വീണ്ടും വിവാഹം നടത്തുകയും ചെയ്താൽ മത്താ. 19:9-ൽ കർത്താവ് പറഞ്ഞിരിക്കുന്ന പ്രകാരം അവർ വ്യഭിചാരം ചെയ്യുകയാണ്. ഇതിൽ മുഖം നോക്കാതെ വചനം പറയുന്നു, അവർ വ്യഭിചാരികൾ തന്നെയാണ്. ഇതിന് ദേശം ഒരു പ്രശ്നമല്ല. അമേരിക്ക എന്നോ ആസ്ട്രേലിയ എന്നോ ഒരു വ്യത്യാസവുമില്ല. കർത്താവിൽ വീണ്ടും ജനിച്ച എല്ലാവർക്കും ഈ വചനം ബാധകമാണ്. നമുക്കെല്ലാവർക്കും തുല്യ നീതി ആണ് വേണ്ടത്.

ഇനി വ്യഭിചാരം എന്ന പാപത്തെ സംബന്ധിച്ച് സഭയ്ക്ക് കൊടുത്തിരിക്കുന്ന ഉപദേശമെന്താണ്. വ്യഭിചാരം അല്ലെങ്കിൽ ദുർന്നടപ്പ് ഒരുവനിൽ കണ്ടാൽ സഭ എന്തു ചെയ്യണം. 1 കൊരി. 5:11-ൽ ഒരു കാരണവശാലും അവരുമായി കൂട്ടായ്മ പാടില്ല, മത്രമല്ല അവരോടു കൂടെ ഭക്ഷണം കഴിക്കപോലും ചെയ്യരുത് എന്നു വ്യക്തമായ താക്കീത് ആണ് കാണുവാൻ കഴിയുന്നത്. രഹസ്യ വ്യഭിചാരികൾ ഉണ്ട്, പരസ്യ വ്യഭിചാരികളും ഉണ്ട്. വ്യഭിചാര പാപത്തിൽ നിന്നും മാനസാന്തരത്തിലേക്ക് നയിക്കാൻ പറ്റുന്ന വിശ്വാസികളുണ്ട്. ഒരു നാളും മോചനമില്ലാത്ത നിലയിൽ വ്യഭിചാരകർമ്മത്തിൽ അകപ്പെട്ടവരുമുണ്ട്. ഇതിൽ വിവാഹമോചനം നടത്തിയിട്ട് വിവാഹത്തിലേർപ്പെട്ടവരെ സംബന്ധിച്ച് അവർ നിത്യ വ്യഭിചാരികളാണ്. ഇതിൽ ഇവർക്ക് മാനസാന്തരം ഇല്ലാത്ത കൂട്ടരാണ്. മാനസാന്തരപ്പെട്ടാലും വീണ്ടും അറിഞ്ഞുകൊണ്ട് പാപത്തിലേക്ക് പോകുന്നവരാണ്. ഇക്കൂട്ടരെ എങ്ങനെ ഒരു സഭയിൽ ചേർത്തു കൊള്ളനാവും? ഇന്ന് നമ്മുടെയിടയിൽ ഈ ദുഷിച്ച പ്രവണത കൂടിക്കൊണ്ടിരിക്കയാണ്. ഇവിടെ സഹോദരൻ എന്നു പേർ പറയുന്ന ഒരുവനെക്കുറിച്ച് പറഞ്ഞിരിക്കുന്ന വ്യവസ്ഥകളാണ്. അവിശ്വാസികൾക്ക് ഇത് ബാധകമല്ല. 1 കൊരി. 5:9 സംസർഗ്ഗം അരുത്. 11-ന്റെ അവസാനം ഭക്ഷണം കഴിക്ക പോലും അരുത്. മേൽ പറഞ്ഞ കൂട്ടരെ നമ്മുടെ യോഗങ്ങൾക്ക് ക്ഷണിപ്പാനോ, ആഹാരം വിളമ്പി കൊടുപ്പാനോ, കൈ കൊടുപ്പാനോ, ചുംബനം ചെയ്‌വാനോ ഒന്നിനും പാടില്ല എന്നു തന്നെയാണ്. ഇതിന് ഒത്താശ ചെയ്യുന്നവർ പുനർവിവാഹത്തിന് ആലോചിക്കുന്ന മാതാപിതാക്കൾ, പ്രാർത്ഥിച്ച് ആശീർവദിക്കുന്ന ദൈവദാസന്മാർ, ഇതിന് കൂട്ട് നില്ക്കുന്ന വിശ്വാസികൾ ഇവരൊക്കെയും വ്യഭിചാരം എന്ന പാപത്തിന് കൂട്ടാളികൾ അത്രേ. “അശുദ്ധൻ തൊട്ടത് എല്ലാം അശുദ്ധമാകും” (സംഖ്യ 19:22).

അതുകൊണ്ട് വിവാഹം എല്ലാവർക്കും മാന്യം. വിവാഹമോചനം പേർ പറക പോലും അരുത്. വിവാഹ മോചനം നേടിയ ഒരുവൻ വിവാഹം കഴിച്ചാൽ നമ്മുടെ നടുവിൽ നിന്ന് നീക്കിക്കളയുക അത്രേ അഭികാമ്യം. ●

‘ഫേസ് ബുക്ക്’

ടൈനി പ്രിൻസ്, ബാംഗ്ലൂർ

‘ഫേസ് ബുക്ക്’ എന്റെ ദിനചര്യയാകുന്നു;
എനിക്ക് ഫ്രണ്ട്സിന് ഒരു മുട്ടുമില്ല.
അനേകമനേകം ഗ്രൂപ്പുകളിൽ ഞാൻ അംഗമാകുന്നു;
പോസ്റ്റുകളിലുള്ള ഫോട്ടോസ് ഞാൻ ‘പോസ്റ്റ്’ ചെയ്യുന്നു.
എന്റെ പ്രാണനെ ‘ലൈക്കു’കൾ തണുപ്പിക്കുന്നു;
മനോഹരമായ കമന്റുകൾ ഞാൻ സ്വപ്നം കാണുന്നു.
എന്റെ ലാപ് ടോപ് കേടായാലും
ഞാൻ ഒന്നു കൊണ്ടും ഭയപ്പെടുകയില്ല;
സ്മാർട്ട് ഫോൺ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ;
നിന്റെ ‘നെറ്റ് വർക്കും’ ‘വൈ- ഫൈ’യും എന്നെ ആശ്വസിപ്പിക്കുന്നു.
എന്റെ ശത്രുക്കളോട് ഫേസ്ബുക്കിൽ വഴക്കു കൂടുന്നു;
എന്റെ തലയിൽ നാളെ എഴുതാനുള്ള കമന്റുകൾ നിറയുന്നു;
എന്റെ ടൈംലൈനും നിറഞ്ഞു കവിയുന്നു.
വേണ്ടതും വേണ്ടാത്തതും ഷെയർ ചെയ്യുന്നത്
എന്റെ ആയുഷ്ക്കാലമൊക്കെയും തുടരും;
ഞാൻ ഫേസ് ബുക്ക് പേജിൽ ദീർഘകാലം വിലസും.

വരിസംഖ്യ കുടിശ്ശിക അറിയാൻ : വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 12 എന്നാണെങ്കിൽ 2012 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളു. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

ഗോത്രങ്ങൾ തേടി..... 97

ബുന്ദേലി

ജനസംഖ്യ : 1.2 കോടി
സാക്ഷരത : സാമാന്യം
തിരുവചന ലഭ്യത : തിരുവചന പരിഭാഷ ആരംഭിച്ചിരിക്കുന്നു





അടിച്ചേല്പിക്കപ്പെട്ട ജാതി നിയമങ്ങളും അധികാര ദുർവിനിയോഗവും ഭയഗ്രസ്തമായ സമൂഹത്തെ സൃഷ്ടിച്ചിരിക്കുന്നു.

ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ 14 ജില്ലകളിലായി കാണപ്പെടുന്ന 1.2 കോടി ബുന്ദേലി ഭാഷക്കാരെ ഒന്നിച്ചു നിർത്തുന്ന വേറെ ഘടകങ്ങളൊന്നും തന്നെയില്ല. സമൂഹങ്ങളെ തമ്മിൽ കീറിമുറിച്ചുകൊണ്ട് ആഴത്തിൽ വേരോടിയിരിക്കുന്ന ശക്തമായ ഒരു ജാതി വ്യവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്. ബുന്ദേലിഖണ്ഡി എന്നും കൂടി അറിയപ്പെടുന്ന ബുന്ദേലിയാണ് അവരുടെ പൊതുവായ ഭാഷ. ഇവരുടെ ദൈനംദിന ജീവിതം ആത്മീയതയിൽ അധിഷ്ഠിതമാണ്. ക്ഷേത്രങ്ങളുടെ ആത്മീയ നേതൃത്വം വഹിക്കുന്നത് ബ്രാഹ്മണ പുരോഹിതർ ആണ് എങ്കിലും മിക്ക ഗ്രാമങ്ങളും ദുർമന്ത്രവാദത്തിന്റെ പിടിയിലാണ്. ഈ മന്ത്രവാദികൾ താഴ്ന്ന ജാതിയിൽപ്പെട്ടവരെങ്കിലും പൊതുവെ സമൂഹം ഇവരെ ഭയബഹുമാനത്തോടെയാണ് കാണുന്നത്. ഭരണ നിർവ്വഹണത്തിനായി പ്രദേശിക സർക്കാർ സംവിധാനം നിലവിലുണ്ടെങ്കിലും ക്ഷത്രിയ രാജാക്കന്മാരാണ് ഇവരുടെ ഗ്രാമങ്ങളെ ഭരിക്കുന്നത്; അവരുടെ വാക്ക് അന്തിമമായിരിക്കും. അടിച്ചേല്പിക്കപ്പെട്ട ജാതി നിയമങ്ങളും അധികാരദുർവിനിയോഗവും ഭയഗ്രസ്തമായ സമൂഹത്തെ സൃഷ്ടിച്ചിരിക്കുന്നു.

പ്രത്യേകിച്ച് ബുന്ദേലി സ്ത്രീകളുടെ ജീവിതം ദുഷ്ക്കരമാണ്. പൊതുവെ പെൺകുട്ടികളെ 16 വയസ്സിന് മുമ്പേ വിവാഹം കഴിപ്പിച്ചയക്കുന്നു. ഭർതൃഗൃഹത്തിലേക്കയക്കപ്പെടുന്ന നവവധുവിന്റെ സ്ഥാനം ആ ഭവനത്തിലുള്ള വേലക്കാരേക്കാൾ താഴ്ന്നതാണ്. ഭാരമേറിയ വീട്ടുവേലകൾ അവൾ ഏറ്റെടുക്കേണ്ടി വരുന്നു. പ്രതീക്ഷിച്ചത്രയും ജോലി നിർവ്വഹണം നടത്തിയില്ലെങ്കിൽ മരുമകളെ അമ്മായിയമ്മ മർദ്ദിക്കുന്നതിനും മടികാണിക്കാറില്ല. പുരുഷന്മാരുടെയും അല്ലെങ്കിൽ ഭർത്താവിന്റെയോ സാന്നിധ്യത്തിൽ സ്ത്രീ തന്റെ സാരിയുടെ തലപ്പ് കൊണ്ട് മുഖം മറയ്ക്കുകയും മൗനയായിരിക്കുകയും വേണം. ഭർത്താവിന്റെ പേര് ഉച്ചത്തിൽ പറയുവാനേ പാടില്ല. പൊതുസ്ഥലത്ത് ഒരു സ്ത്രീക്ക് തന്റെ ഭാര്യപദവി ഭർത്താവിനാൽ അംഗീകരിക്കപ്പെടുകയില്ല.

കേവലം ഒരു ശതമാനത്തിൽ താഴെ മാത്രമുള്ള ക്രിസ്ത്യാനികൾ മിക്കവരും പട്ടണങ്ങളിലും നഗരങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഓരോ ജില്ലയിലും ശരാശരി മൂന്നോ നാലോ സഭകൾ കാണപ്പെടുന്നു. ഒരു ബുന്ദേലി, ക്രിസ്തുവിനെ പിൻപറ്റി ജീവിതം നയിക്കാനാരംഭിച്ചാൽ ശക്തമായ ആത്മീയ പ്രതിബന്ധങ്ങളും ശാരീരിക പീഡനങ്ങളും നേരിടേണ്ടി വരുന്നു. എന്നിരുന്നാലും അനേകം പേർ തങ്ങളുടെ ജീവിതത്തെ രൂപാന്തരം വരുത്തുവാൻ ശക്തിയുള്ള കർത്താവിനെ കണ്ടെത്തിയിരിക്കുന്നു.

ബുന്ദേലികളുടെ ഉന്നതിക്കു പ്രതിബന്ധമായി നിൽക്കുന്ന ശക്തികളെ തകർക്കുവാൻ ദൈവവചനത്തിനു ശക്തിയുണ്ട്. വചനം ബുന്ദേലിയിൽ ലഭിക്കപ്പെട്ടാൽ, അവരുടെ ചിന്താധാരയേയും ജീവിതശൈലിയേയും മാത്രമല്ല ഭാവിയെത്തന്നെ അത് രൂപാന്തരപ്പെടുത്തും.

പ്രാർത്ഥനയ്ക്കായി

- ബുന്ദേലികളുടെ ആത്മീയ മണ്ഡലത്തിലുള്ള മന്ത്രവാദികളുടെ അധീശത്വം ദൈവം തകർക്കേണ്ടതിനും ജാതി വ്യവസ്ഥിതി ദുർബലപ്പെടുത്തേണ്ടതിനും...
- പ്രാദേശിക സഭകളും സഭാനേതാക്കന്മാരും ബുന്ദേലി ഭാഷക്കാരെ മുഴുവൻ കർത്താവിങ്കലേക്ക് നേടുക എന്ന ദർശനം പ്രാപിക്കുന്നതിനായി...
- ദൈവമക്കൾ ദൈവവചനത്തോടു ദാഹമുള്ളവരായി വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനും...
- മാതൃഭാഷക്കാരായ പരിഭാഷകർ പരിശീലിക്കപ്പെടേണ്ടതിനും തിരുവചനപരിഭാഷയിൽ കാര്യക്ഷമതയുണ്ടായിരിക്കേണ്ടതിനും...

ഇ.ജെ.പി. (കടപ്പാട്: എൻ.എൽ.സി.ഐ.)

കാലികം

ഘർവാപ്പസിയും ചില ചിന്തകളും

എം. ആർ. ഷൈജു, ചാലക്കുടി

അന്ധകാരത്തിന്റെ അധിപനാകുന്ന പിശാചിന്റെ പിടിയിൽ നിന്നും ക്രിസ്തുവിലായിത്തീർന്ന ക്രിസ്തു മാർഗ്ഗക്കാർ അഥവാ സത്യവിശ്വാസികൾ വിലയേറിയ വിശ്വാസത്തിനുടമകളായതുകൊണ്ട് അവരെ വ്യതിചലിപ്പിക്കുവാൻ ലോകത്തിലൊരു ശക്തിക്കും സാധ്യമല്ല.

ഈയടുത്ത നാളുകളിൽ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നൊരു പദമാണ് 'ഘർവാപ്പസി.' വീട്ടിലേക്കുള്ള മടങ്ങിവരവ് എന്നാണ് ഈ വാക്കിന്റെ വാച്യാർത്ഥം. ഹിന്ദുമതത്തിൽ നിന്ന് കാലാകാലങ്ങളിൽ ഇതര മതങ്ങളിലേക്ക് മാറിയവരെ തിരിച്ച് ഹിന്ദുമതമാകുന്ന വീട്ടിലേക്ക് മടക്കിക്കൊണ്ടുവരിക എന്നാണ് ഈ ആശയത്തിന്റെ വക്താക്കൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആഗ്രയിലെ വേദ്നഗറിൽ ആരംഭിച്ച ഘർവാപ്പസി പദ്ധതി മൈലുകൾ താണ്ടി കേരളത്തിൽ കോട്ടയത്തും കൊല്ലത്തും ആലപ്പുഴയിലും നടത്തിയതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (മലയാള മനോരമ 2014 ഡിസം. 22,27). 2021 ആകുമ്പോഴേക്കും ഭാരതത്തിൽ നൂറു ശതമാനവും ഹിന്ദുക്കളാകണമെന്നുള്ള ഘർവാപ്പസിക്കാരുടെ രഹസ്യ അജണ്ട ഭാരതത്തെ സ്നേഹിക്കുന്ന ആരും നിസ്സാരമെന്ന് കരുതുകയില്ല. ഒരു നേതാവ് പറഞ്ഞിട്ടുള്ളത്, ഇത് ഹുന്ദുക്കളുടെ രാഷ്ട്രം എന്നാണ്. ഒരു കേന്ദ്രമന്ത്രിയുടെ പ്രസ്താവനയും വിവാദമായത് ശ്രദ്ധേയമാണ്. ഹിന്ദുക്കൾ മാത്രമാണ് ശരിയായ സന്തതികളെന്നും മറ്റുള്ളവർ ജാരസന്തതികളും ആണെന്നത്രേ അദ്ദേഹത്തിന്റെ പക്ഷം. ഈ പ്രസ്താവനയുടെ പേരിൽ പാർലമെന്റ് സ്തംഭിച്ചതും പ്രതിപക്ഷ പാർട്ടികളുടെ പ്രതിഷേധവും പത്രങ്ങൾ വാർത്താ പ്രാധാന്യത്തോടെ കൊടുത്തിരുന്നു. ഇതെല്ലാം ഘർവാപ്പസിയോടു ചേർത്തു ചിന്തിക്കുമ്പോൾ ന്യൂനപക്ഷങ്ങളാകുന്ന ക്രിസ്ത്യാനികൾക്ക് ആശങ്കയുണ്ടാകുന്നത് തികച്ചും സ്വാഭാവികമാണ്. കോട്ടയത്ത് മതം മാറിയവരിൽ ചില പെന്തക്കോസ്തു സഭാവിശ്വാസികളും ഉണ്ടായിരുന്നുവെന്നതും വിസ്മരിച്ചു കൂടാ! (മലയാള മനോരമ 2014 ഡിസം. 27).

ഇന്ത്യ ഇന്നും വൈവിധ്യങ്ങളുടെ നാടാണ്. ഭാരതത്തിന്റെ സൗന്ദര്യം തന്നെ മതേതരത്വത്തിലാണ്. അതുകൊണ്ട് ഏതൊരു ഇന്ത്യൻ പൗരനും അവന്റെ അന്വേഷണത്തിൽ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും സ്വീകരിക്കുവാനും അതു പ്രചരിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന പൗരാവകാശമെന്ന പേരിൽ വിഭാവനം ചെയ്യുന്നുണ്ട്. ഇതിനെതിരെയുള്ള പ്രവർത്തനങ്ങൾ ലോകരാഷ്ട്രങ്ങൾക്കിടയിൽ നമുക്ക് നാണക്കേട് ഉളവാക്കുന്നതാണ്. വ്യക്തികളെ അവരുടെ ഇഷ്ടത്തിന് എതിരായി പ്രലോഭനത്തിലൂടെയോ ബലപ്രയോഗത്തിലൂടെയോ മതം മാറ്റുന്നത് കുറ്റകരം തന്നെയാണ്.

ഇന്ന് നമ്മുടെ നാട്ടിൽ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്നവരിൽ പലരും ക്രിസ്തുവിന്റെ യഥാർത്ഥ അനുഗാമികളല്ല. ക്രിസ്തുമതം എന്നൊരു മതത്തെപ്പറ്റി വേദപുസ്തകത്തിൽ പരാമർശമില്ല. നിർഭാഗ്യവശാൽ ഇതര മതസ്ഥാപകരുടെ കൂട്ടത്തിൽ ക്രിസ്തുവിനെയും ചരിത്രം ചമച്ചവർ ഉൾപ്പെടുത്തിയെന്നുള്ളത് ഒരു വിരോധാഭാസമായി ഇന്നും തുടരുന്നു. ക്രിസ്തുമാർഗ്ഗമാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. "ഞാൻ തന്നേ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നത്രെ യേശുക്രിസ്തുവിന്റെ പ്രഖ്യാപനം (യോഹ. 14:6). ക്രിസ്തുമാർഗ്ഗത്തിന്റെ നിയമസംഹിതയായിരിക്കുന്ന വിശുദ്ധ വേദപുസ്തകം മതം മാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. യെഹൂദാമതത്തിലെ യാഥാസ്ഥിതികരായിരുന്ന പരീശന്മാരേയും ശാസ്ത്രിമാരേയും മതപരിവർത്തനത്തിന്റെ പേരിൽ ക്രിസ്തു ശാസിക്കുന്നതായി കാണുന്നു. "നിങ്ങൾക്കു ഹാ കഷ്ടം!" എന്നാണ് അവിടുന്ന് അരുൾ ചെയ്തത്. കപടഭക്തിക്കാരായിരുന്ന അവർ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുകയും ചേർത്തശേഷം അവനെ അവരേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുകയും ചെയ്യുന്നു (മത്താ. 23:14,15). കർത്താവിന്റെ പ്രസംഗത്തിന്റെ പ്രാരംഭവാക്കുകൾ തന്നെ "മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" എന്നുള്ളതായിരുന്നു. (മർക്കൊ. 1:15). അപ്പൊസ്തലന്മാരുടെ പ്രസംഗങ്ങളിലും പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ എന്നാണ് നാം വായിക്കുന്നത്. (അപ്പൊ. പ്രവൃ. 3:18). സകലരും മാനസാന്തരപ്പെടണം എന്നത്രെ കല്പന (അപ്പൊ. പ്രവൃ. 17:30).

ഒരു മനുഷ്യനും ഇന്ന മതത്തിൽ ജനിക്കണമെന്ന ആഗ്രഹത്തോടെയല്ല പാരിൽ പിറക്കുന്നത്. മാതാപിതാക്കൾ ഏതു മതത്തിൽപെട്ടവരാണോ ആ മതത്തെ പിൻതുടരുവാൻ അവൻ നിർബന്ധിതനാകുകയാണ്. എന്നാൽ ക്രിസ്തുമാർഗ്ഗം ഇതിൽ നിന്നു വിഭിന്നമാണ്. ഏതു മതത്തിൽപെട്ടവനെങ്കിലും സുവിശേഷം കേട്ട് പാപബോധമുണ്ടാകുകയും പാപവിമോചകനായ, മതങ്ങൾക്കതീതനായ ക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവെന്ന പരമസത്യത്തെ കണ്ടെത്തിയ വ്യക്തി ക്രിസ്തുമാർഗ്ഗമാണ് സ്വീകരിച്ചത്; മതമല്ല. ഈ മാർഗ്ഗത്തെ ബൈബിൾ വിശേഷിപ്പിക്കുന്നത്, രക്ഷിക്കപ്പെടുക, ദൈവമക്കളായിത്തീരുക, വീണ്ടും ജനിക്കുക, നിത്യജീവൻ പ്രാപിക്കുക, പാപമോചനം പ്രാപിക്കുക എന്നീ നിലകളിലാണ് (റോമ. 10:9, യോഹ. 1:12; 3:3; 3:36, അപ്പൊ. പ്രവൃ 10:43).

അന്ധകാരത്തിന്റെ അധിപനാകുന്ന പിശാചിന്റെ പിടിയിൽ നിന്നും ക്രിസ്തുവിലായിത്തീർന്ന ക്രിസ്തു മാർഗ്ഗക്കാർ അഥവാ സത്യവിശ്വാസികൾ വിലയേറിയ വിശ്വാസത്തിനുടമകളായതുകൊണ്ട് അവരെ വ്യതിചലിപ്പിക്കുവാൻ ലോകത്തിലൊരു ശക്തിക്കും സാധ്യമല്ല. "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ" (റോമ. 8:35). യഥാർത്ഥമായി ക്രിസ്തുവിനെ അറിഞ്ഞ ഒരുത്തനും ഭൗതികനേട്ടത്തിൽ കണ്ണും നട്ട് പഴയ ജീവിതത്തിലേക്ക് പോകയില്ലായെന്നതാണ് സത്യം. പലരും കർത്താവിനെ വിട്ട് പോയപ്പോൾ "നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ" എന്ന ചോദ്യത്തിന് പത്രോസിന്റെ മറുപടി ശ്രദ്ധേയമാണ്: "കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു" (യോഹ. 6: 68,69). ഇന്നും സുവിശേഷം പ്രസംഗിക്കണമെന്ന പ്രപഞ്ചനാഥന്റെ ആജ്ഞ ശിരസ്സാ വഹിച്ചുകൊണ്ട് (മർക്കൊ. 16:15) അനേകരെ ക്രിസ്തുമാർഗ്ഗത്തിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. സംവരണ ആനുകൂല്യങ്ങളാകുന്ന ഭൗതിക നേട്ടങ്ങളിൽ ആകൃഷ്ടരായി ഘർവാപ്പസിക്ക് വിധേയരായവർ യഥാർത്ഥ ക്രിസ്തുമാർഗ്ഗക്കാരായിരുന്നോ എന്ന് സംശയമാണ്. യഥാർത്ഥത്തിൽ മനുഷ്യൻ മടങ്ങിവരേണ്ടത് മതത്തിലേക്കല്ല പ്രത്യുത മതങ്ങൾക്കതീതനായ ദൈവത്തിങ്കലേക്കാണ്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നത് വിസ്മരിച്ചു കൂടാ!

എക്കാലത്തുമുള്ള ക്രിസ്തുവിശ്വാസികൾ വിശ്വാസത്തിനുവേണ്ടി വലിയ വില കൊടുത്തവരാണ്. തീയിൽ കുരുത്ത ഈ പ്രസ്ഥാനം വെയിലത്തു വാടുകയില്ല. "പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (മത്താ. 16:18). ക്രിസ്തുമാർഗ്ഗത്തിൽ രക്തസാക്ഷികളായവരുടെ സംഖ്യയുടെ നാലയലത്തുപോലും എത്തുകയില്ല മറ്റുള്ള രക്തസാക്ഷികൾ. അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടവരാണ് ദൈവജനം (അപ്പൊ. പ്രവൃ 14:22). ഒരു വിശ്വാസി ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിപ്പാൻ പാടുള്ളതല്ല (1 യോഹ. 2:15). ലോകസ്നേഹവും പറ്റുമാനവും ഉള്ളവന് പിന്മാറ്റം കൂടിയേ കഴിയൂ! എന്നാൽ യഥാർത്ഥവിശ്വാസിയുടെ വിരുതുതെറ്റിക്കാൻ മണ്ണിനോ പൊന്നിനോ സാധിക്കയില്ല; കാരണം അവർ ക്രിസ്തുവിന്റെ സ്നേഹവലയത്തിലാണ്.

യഥാർത്ഥത്തിൽ മനുഷ്യൻ മടങ്ങിവരേണ്ടത് മതത്തിലേക്കല്ല; പ്രത്യുത, മതങ്ങൾക്കതീതനായ ദൈവത്തിങ്കലേക്കാണ്.

വന്ന വഴികൾ - 18

തിരുവനന്തപുരം സഭകളുമായുള്ള ബന്ധം

ഇ.ജെ. പൈലി, അങ്കമാലി

കേരളത്തിലേക്ക് സ്ഥലം മാറി വന്നപ്പോൾ കേരളത്തിലും കർത്താവിനുവേണ്ടി ചില ശുശ്രൂഷകൾ ചെയ്യണമെന്ന അതിയായ ആഗ്രഹം ഹൃദയത്തിലുണ്ടായിരുന്നു. അതിന് കർത്താവ് കാണിച്ചു തന്ന ഒരു മാർഗ്ഗമായിരുന്നു വൈ.എം.ഇ.എഫ്.ൽ ചേർന്നു പ്രവർത്തിക്കുക എന്നത്. സുവിശേഷ പ്രവർത്തനത്തിനുള്ള ഒരു നല്ല മേഖലയായിരുന്നു വൈ.എം.ഇ.എഫ്.

സുവിശേഷ രംഗത്ത് എന്തെങ്കിലും ഫലകരമായി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നല്ല ഒരു രംഗമായി വൈ.എം.ഇ.എഫ്. നെ കാണുവാൻ കഴിയും. ഏതെങ്കിലും സ്ഥാനങ്ങൾ മോഹിച്ചു വരുന്നവർ വൈ.എ.ഇ.എഫ്. മായി ബന്ധപ്പെട്ടാൽ നിരാശപ്പെട്ടു പോകാൻ സാധ്യതയുണ്ട്. സുവിശേഷീകരണം എന്നതാണല്ലോ വൈ.എം.ഇ.എഫ്. ന്റെ പ്രധാന ലക്ഷ്യം. അതുപോലെതന്നെയുള്ള ഒരു ലക്ഷ്യമാണ് സഭകളിലെ യുവാക്കന്മാർ ഉണർത്തപ്പെടണമെന്നത്. അതിന് അത്യാവശ്യം വേണ്ട കാര്യമാണ് സഭാസന്ദർശനമെന്നതും.

ഞാൻ വൈ.എം.ഇ.എഫ്.മായി ബന്ധപ്പെടുമ്പോൾ ബ്രദർ കെ. ദാനിയേൽ വില്യംസ് വടക്കൻ ഡിവിഷനു നേതൃത്വം കൊടുത്തിരുന്ന കാലമായിരുന്നു. ഞങ്ങൾ തമ്മിൽ 10 വയസ്സിന്റെ വ്യത്യാസമുണ്ടായിരുന്നെങ്കിലും ദീർഘ വർഷങ്ങൾ ഉത്തരഭാരത സുവിശേഷീകരണത്തിലും വൈ.എം.ഇ.എഫ്. പ്രവർത്തനങ്ങളിലും ഒരുമിച്ചു പ്രവർത്തിപ്പാനിടയായത് വളരെ സന്തോഷത്തോടെ ഓർക്കുന്നു. അന്ന് വടക്കൻ പ്രദേശത്തെ സഭകളിൽ ഞാൻ അപരിചിതനായിരുന്നു. വൈ.എം.ഇ.എഫ്.ന്റെ സഭാ സന്ദർശനപരിപാടിയിൽ സജീവമായി പങ്കെടുത്തതു മൂലം മിക്കവാറും എല്ലാ സഭകളും സന്ദർശിക്കുവാനും വചനം ശുശ്രൂഷിപ്പാനും വിശ്വാസികളുമായി പരിചയപ്പെടുവാനുമിടയായി. സഭാസന്ദർശനം വൈ.എം.ഇ.എഫ്. പ്രവർത്തനത്തിന്റെ ജീവനാഡിയാണ്. അല്പം ക്ലേശകരമായ കാര്യം കൂടെയാണെങ്കിലും സഭകൾക്ക് അതൊരനുഗ്രഹമാണ്. ഇന്നത്തെ വൈ.എം.ഇ.എഫ്. പ്രവർത്തകർ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതിന്റെ ക്ഷീണം കാണാനുണ്ട്. അല്പം ബുദ്ധിമുട്ടാനും ക്ലേശം സഹിക്കുവാനും നിങ്ങൾ തയ്യാറാകുമെങ്കിൽ സഭകളുമായി വൈ.എം.ഇ.എഫ്. ന്റെ ബന്ധം ദൃഢതരമാകുമെന്നതിനു സംശയമില്ല.

ക്യാമ്പുകളിൽ സജീവമായി പങ്കെടുക്കുവാൻ കഴിഞ്ഞത് ഒരു വലിയ സന്തോഷമായിരുന്നു. ആണ്ടിന്റെ മൂന്നു ക്യാമ്പുകളാണുണ്ടായിരുന്നത്. ഒരു ക്യാമ്പ് കഴിഞ്ഞാൽ അടുത്ത ക്യാമ്പു വരെ സഭകളുമായി ബന്ധമില്ലല്ലോ എന്ന ചിന്ത എന്നെ ഭരിച്ചു. അങ്ങനെയാണ് വടക്കൻ ഡിവിഷന്റെ വകയായി ഒരു ബുള്ളറ്റിൻ ആരംഭിച്ചത്. അത് മാസം തോറും അച്ചടിച്ച് സഭകൾക്ക് അയച്ചു കൊടുക്കുന്ന ചുമതല എനിക്കായിരുന്നു. കുറെ നാളുകൾക്കുശേഷം അതു നിന്നുപോയി. പല വർഷങ്ങൾക്കു ശേഷമാണ് ജനറൽ വൈ.എം.ഇ.എഫ്. ന്റെ ചുമതലയിൽ സുവിശേഷധ്വനി ആരംഭിച്ചത്. അതിനുവേണ്ടി കഠിനാധ്വാനം ചെയ്ത ആദ്യത്തെ ചീഫ് എഡിറ്ററാണ് ബ്രദർ വില്യംസ്.

ആ കാലയളവിൽ വൈ.എം.ഇ.എഫ്. വടക്കൻ ഡിവിഷനിൽ സജീവമായി പ്രവർത്തിച്ചിരുന്ന രണ്ടുപേർ (പി.ജെ. ജയിംസ്, ജെയിംസ് വില്യംസ്) ജോലി പ്രമാണിച്ച് വിദേശത്തു പോയി. ഒമ്പതുമാസത്തെ ടെലഗ്രാഫ് ട്രെയിനിംഗിനായി എനിക്കും തിരുവനന്തപുരത്തേക്കു പോകേണ്ടി വന്നു. 1964 ആഗസ്റ്റിലാണ് വൈ.എം.ഇ.എഫ്. ന്റെ എനിക്കുള്ള ചുമതലകൾ മറ്റുള്ളവരെ ഏല്പിച്ച് തിരുവനന്തപുരത്ത് എത്തിച്ചേർന്നത്. അന്ന് അവിടെ കുന്നുകുഴിയിലെ ഒരു സഭ മാത്രമേയുണ്ടായിരുന്നുള്ളൂ. ഉന്നത വിദ്യാഭ്യാസത്തിനായും ജോലിപ്രമാണിച്ചും തിരുവനന്തപുരത്ത് വന്നു ചേർന്ന ധാരാളം വിശ്വാസികളുള്ള ഒരു സഭ. പ്രൊഫസർ എ.പി. മാത്യു സാർ, പി.റ്റി കോശിസാർ, പി.റ്റി. തോമാച്ചൻ, കെ.ജെ. വർഗ്ഗീസ് മുതലായവരാൽ നടത്തപ്പെട്ടിരുന്ന ഒരു സഭയായിരുന്നു. എസക്കിയേൽ സഹോദരൻ ആറാമടയിൽ നിന്നും സന്ദർശകനായിവരും. യുവാക്കന്മാരായ സഹോദരന്മാരുമൊരുമിച്ച് നല്ല കൂട്ടായ്മ പുലർത്തുവാൻ സാവകാശം ലഭിച്ചു.

അന്നത്തേത് ഒരു പഴയ സഭാ ഹോളും ആകർഷകമല്ലാത്ത ഫർണിച്ചറുമായിരുന്നു. ശരിയായ ഒരാത്മിക നിലവാരത്തിലല്ല കുന്നുകുഴി സഭ മുന്നോട്ടു പോയിരുന്നത് എന്ന് സങ്കടത്തോടെ ഓർക്കുന്നു. സഭാ ഹോൾ പുതുക്കി പണിയേണ്ടത് അത്യാവശ്യമായിരുന്നു. എന്നാൽ അതിനുവേണ്ടി ഐക്യത്തോടെ കാലുകൾ മുന്നോട്ടെടുത്തു വയ്ക്കുവാൻ കഴിയാത്ത സ്ഥിതിയായിരുന്നു അപ്പോൾ. പ്രാർത്ഥനായോഗത്തിന് രണ്ടോ മൂന്നോ പേർ മാത്രം വരും. ഇതിൽ മനം നൊന്ത് പി.റ്റി. കോശിസാർ കൂട്ടായ്മയിൽ നിന്നും മാറി നില്ക്കയും അക്കാര്യം പൊതുവിൽ പ്രസ്താവിക്കയും ചെയ്തു. അതൊരു “extreme step” ആയിരുന്നു. പ്രാർത്ഥനായോഗത്തിൽ പതിവായി സംബന്ധിച്ചു കൊണ്ടിരുന്നവരിൽ ഒരാളായിരുന്നു ഈ എഴുത്തുകാരൻ. സഭ ആകെ പ്രയാസത്തിലായി. ഒരു സ്ഥലം സഭയുടെ ആത്മിക സ്ഥിതി മനസ്സിലാക്കുന്നതിന് ആ സഭയുടെ പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചാൽ മതി എന്ന് സ്പർജൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. കുറെ കഴിഞ്ഞ് ഒരു വിധത്തിൽ ആ പ്രശ്നം പരിഹരിക്കയും കോശി സാർ കൂട്ടായ്മയിൽ തിരികെ ചേരുകയും ചെയ്തു.

ഇടദിവസത്തെ പ്രാർത്ഥനായോഗത്തിന് എത്രപേർ കടന്നുവരുന്നുണ്ടെന്ന് ഓരോ സ്ഥലംസഭയും പരിശോധന ചെയ്യുന്നത് നല്ലതാണ്. നിങ്ങളുടെ സഭയുടെ ആത്മികനിലവാരത്തിന്റെ ഒരു അളവുകോലായിരിക്കും അത്. ഞാൻ ഉൾപ്പെട്ടു നില്ക്കുന്ന അങ്കമാലി പടിഞ്ഞാറെ സഭയിൽ വെള്ളിയാഴ്ചതോറും ദീർഘവർഷങ്ങളായി പ്രാർത്ഥനായോഗം സജീവമായി നടക്കുന്നു എന്നതും യുവാക്കന്മാർ അതിൽ ധാരാളമായി പങ്കെടുത്തുകൊണ്ടിരിക്കുന്നു എന്നതും ദൈവനാമമഹത്വത്തിനായി പ്രസ്താവിച്ചു കൊള്ളട്ടെ.

എസക്കിയേൽ സാറിനെപ്പറ്റി അടുത്തതിൽ. ●

ഹൂഗ്ലിയിൽ പ്രവർത്തനം തുടരുന്നു

ഹൂഗ്ലി ജില്ലയിലെ കൽന എന്ന സ്ഥലത്തെ പ്രവർത്തനത്തിനു ശേഷം ബദ്രേശ്വർ എന്ന സ്ഥലത്തു വേലകൾ ആരംഭിക്കുവാൻ ദൈവം സഹായിച്ചു. സാമാന്യം നല്ല തണുപ്പുള്ള കാലാവസ്ഥയാണെങ്കിലും ക്ഷേമകരമായി പ്രവർത്തനം തുടരുന്നു. ഈ ദിവസങ്ങളിൽ കൂച്ച്ബിഹാറിൽ കർത്തൃവേല ചെയ്യുന്ന തൻ വോയിഷാ, ജാർഘണ്ഡിൽ ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സുബ്രതാ ദാസ്, ഫിലിപ്പ് ദാസ്, ലളിത് ദാസ് എന്നീ സഹോദരന്മാരും ടീമിൽ ഉണ്ടായിരുന്നതു വളരെ അനുഗ്രഹകരമായി. ഏകദേശം 85 ഗ്രാമങ്ങളിൽ വചനം അറിയിക്കുവാനും അനേക ട്രാക്റ്റുകൾ പുസ്തകങ്ങൾ, ബൈബിൾ, പുതിയനിയമം എന്നിവ അനേകരുടെ കരങ്ങളിൽ എത്തിക്കുവാനും ഇടയായി. വളരെ സ്വാതന്ത്ര്യത്തോടെ വേലയിൽ തുടരുവാൻ ദൈവം സഹായിച്ചു. വചനം കേൾക്കുവാൻ വളരെ താല്പര്യമുള്ളവരാണ് ബംഗാളിലുള്ളവർ. അഞ്ചുപേർ കർത്താവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുന്നതു കണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഞങ്ങൾക്കു കഴിഞ്ഞു. ഇവരുടെ നിലനില്പ്പിനായി പ്രാർത്ഥിക്കുമല്ലോ.

സുവിശേഷം കേട്ട വിശ്വനാഥ്ഘോഷ് എന്ന വ്യക്തി യേശുക്രിസ്തുവിനെക്കുറിച്ചും വചനത്തെക്കുറിച്ചും കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞ് വീട്ടിലേക്ക് ക്ഷണിച്ചു. കല്പന റായ് എന്ന യുവതി ക്രിസ്തീയ ആരാധനയിലേക്ക് വരുവാൻ താല്പര്യം ഉണ്ടെന്നറിയിച്ചു. വചനം ശ്രദ്ധിച്ച ശിവ എന്ന യുവാവ് ആരാധനയ്ക്കായി ഇവിടുത്തെ ആരാധനാലയത്തിലേക്കു വരുവാനും ഇടയായി. ഒരു മാസത്തെ ഹൂഗ്ലിയിലെ പ്രവർത്തനം ദൈവം വളരെ സഹായിച്ചു. മാറി വന്ന കാലാവസ്ഥയിലും ദൈവം ടീമംഗങ്ങൾക്കു എല്ലാവിധ ക്ഷേമവും നല്കി എല്ലാ ദിവസവും പ്രവർത്തിക്കുവാൻ വേണ്ട ബലവും നല്കി.

ഫെബ്രുവരി മാസത്തെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നതു കൊൽക്കത്ത ജില്ലയിലാണ്. വളരെ സ്വാതന്ത്ര്യവും സാധ്യതയുമുള്ള ബംഗാളിലെ പ്രവർത്തനങ്ങളെ ഓർത്തു ദൈവജനം പ്രാർത്ഥിച്ചാലും. ടീമിൽ പ്രവർത്തിച്ചു കർത്താവിന്റെ വേലയിൽ ഒരു പങ്കു വഹിക്കുവാൻ ഈ സന്ദർഭം ദൈവജനം പ്രയോജനപ്പെടുത്തുക. ടീമിൽ പ്രവർത്തിക്കുവാൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ടാലും (എം.സി. ജോർജ്ജ്- 9446044933)

ഈ വേലയെ തുടർന്നും പ്രാർത്ഥനയുടെ കരങ്ങളിൽ വഹിച്ചാലും. പ്രാർത്ഥനയിൽ ഓർത്ത എല്ലാ ദൈവമക്കൾക്കും ക്രിസ്തുയേശുവിൽ നന്ദി അറിയിച്ചു കൊള്ളുന്നു.

ബിജു വർഗീസ്, റാന്നി

വൈ.എം.ഇ.എഫ്. (N.D.) ബംഗാൾ കാമ്പയിൻ

‘ജീസു ക്രിസ്തു കോൻഹെ?’

ഫെബ്രുവരി മാസത്തെ പ്രവർത്തനത്തിനായി സഹോദരന്മാരായ വർഗീസ് ആന്റണി (കോതമംഗലം), വിജീഷ് ജോസഫ് (തൃശൂർ), ബിനു റ്റി.എ (തൃശൂർ), ബിജു വർഗീസ് (റാന്നി) എന്നിവരെ ഒന്നാം തീയതി രാത്രി തൃശൂർ റെയിൽവേസ്റ്റേഷനിൽ നിന്നും വൈ.എം.ഇ.എഫ്. ജനറൽ പ്രസിഡന്റും ബംഗാൾ കാമ്പയിൻ കോ ഓഡിനേറ്ററുമായ എം.സി. ജോർജ്ജ് മാഷിന്റെയും കൂടി വന്ന സഹോദരന്മാരുടെയും സാന്നിധ്യത്തിൽ സുവിശേഷകൻ ബാബു വർഗീസ് നടത്തറ പ്രാർത്ഥിച്ച് യാത്രയാക്കി.

സഹയാത്രികരോട് ദൈവവചനം പങ്കു വയ്ക്കുവാൻ സാധിച്ചത് യാത്രയ്ക്ക് വളരെ ആവേശവും ഉത്സാഹവും പകർന്നു നൽകി. മൂന്നാം തീയതി ഉച്ചയ്ക്ക് രണ്ടുമണിയോടു കൂടെ കൊൽക്കത്ത സാന്ദ്രഗച്ചി സ്റ്റേഷനിൽ ഞങ്ങൾ എത്തിച്ചേർന്നു. ടീമിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന സഹോദരന്മാരായ ജോൺസൺ ജോർജ്ജ്, ആന്റണി റ്റി.ഡി. തുടങ്ങിയവർ ഞങ്ങളെ സ്വീകരിക്കുവാൻ സ്റ്റേഷനിൽ എത്തിയിരുന്നു. സുവിശേഷകൻ സലീൽ സിൻഹയുടെ ഭവനത്തിൽ ഒരുക്കിയിരുന്ന ഉച്ചഭക്ഷണവും കഴിഞ്ഞ് ഏകദേശം നാലുമണിയോടുകൂടെ താമസ സ്ഥലമായ കസ്ബാ ക്രിസ്ത്യൻ അസംബ്ലി ഹാളിൽ എത്തിച്ചേർന്നു. മുൻ ടീമംഗങ്ങളായ സഹോദരന്മാർ 8,9 തീയതികളിൽ നാട്ടിലേക്കു മടങ്ങി. അഞ്ചാം തീയതി തന്നെ പുതിയ ടീമിന്റെ പ്രവർത്തനം ആരംഭിച്ചു. കൊൽക്കത്തയുടെ തെക്കുഭാഗത്തായി സൗത്ത് പെർഗനാസ് ജില്ലയുടെ ഭാഗമായ കസ്ബാ കേന്ദ്രീകരിച്ചാണ് ഈ മാസത്തെ പ്രവർത്തനം നടക്കുന്നത്.

14-ാം തീയതി വരെ 9 ദിവസങ്ങളിലായി ഏകദേശം 80 ഗ്രാമങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുവാൻ ദൈവം സഹായിച്ചു. അനേകം ദൈവമക്കളുടെ പ്രാർത്ഥനയുടെ പിൻബലം ഓരോ ദിവസവും ഞങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു. രാവിലെ 9 മണി മുതൽ

➤➤

തുറന്ന കല്ലറ

പി.വി. സന്തോഷ്– വയനാട്

ചുരം കയറി വയനാട്ടിലേക്ക് വരുമ്പോൾ പ്രവേശന കവാടം കഴിഞ്ഞ് നൂറുമീറ്റർ അകലെയായി ഒരു കല്ലറ ഉണ്ട്. ഇന്നു നാം സഞ്ചിരിക്കുന്ന വയനാട് ചുരം കണ്ടു പിടിച്ചു എന്നു രുതപ്പെടുന്ന ഒരു ആദിവാസി മൂപ്പന്റേതാണ് ആ കല്ലറ. ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് അടഞ്ഞു കിടക്കുന്ന ഇതു കാണുവാൻ, പൂക്കൾ അർപ്പിക്കാൻ, നേർച്ചയിടുവാൻ അനേകർ വന്നു കൊണ്ടിരിക്കുന്നു. വയനാട്ടിലേക്ക് വഴി കണ്ടുപിടിച്ച മൂപ്പന്റെ കല്ലറ ഇന്നും അടഞ്ഞു തന്നെ കിടക്കുന്നു. ലോകത്ത് മരണമടഞ്ഞിട്ടുള്ള എല്ലാവരുടെയും കല്ലറ അടഞ്ഞു തന്നെ കിടക്കുന്നു.

എന്നാൽ സ്വർഗ്ഗത്തിലേക്കുള്ള പുതുവഴി തുറന്ന യേശുക്രിസ്തുവിന്റെ കല്ലറ മാത്രമാണ് ഇന്നു തുറന്നു കിടക്കുന്നതായിട്ടുള്ളത്. യേശുവിന്റെ പുനരുത്ഥാനത്തിലോ അത്ഭുത പ്രവൃത്തികളിലോ വിശ്വസിക്കാത്ത യുക്തി വാദിയായ ഫ്രാങ്ക് മോറിസൺ ഒരിക്കൽ കർത്താവിന്റെ തുറന്ന കല്ലറയുടെ മുൻപിൽ നിന്ന് സ്വയം യുക്തിയോടും ബുദ്ധിയോടും ചോദിച്ചു. യുക്തി വാദികളേ, ആധുനിക വാദികളേ, 'നിങ്ങൾ ഉത്തരം പറയൂ, ഈ കല്ല് ഉരുട്ടി മാറ്റിയത് ആരാണ്?' യുക്തി വാദികൾക്ക് അതിന് ഉത്തരം പറയാൻ കഴിഞ്ഞില്ല.



മതങ്ങളും മതനേതാക്കളും അവസാനിച്ചിടത്തു നിന്നാണ് ക്രൈസ്തവ മാർഗ്ഗം ആരംഭിച്ചത്. പാപിയുടെ രക്ഷാമാർഗ്ഗം കർത്താവിന്റെ തുറന്ന കല്ലറയാണ്. ക്രിസ്ത്യാനികളെ കൊന്നു മുടിക്കാൻ അധികാരികളുടെ സമ്മത പത്രം വാങ്ങി പുറപ്പെട്ട ശൗൽ യാത്രാമധ്യേ കർത്താവിനാൽ പിടിക്കപ്പെട്ടപ്പോൾ താൻ ശക്തമായി പറഞ്ഞു: "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം" (1 കൊരി. 15:14).

മരണത്തിന്റെ മേൽ ജീവന്റെ വിജയമാണ് കർത്താവിന്റെ ആ കല്ലറ വെളിപ്പെടുത്തുന്നത്. മനുഷ്യ വർഗ്ഗത്തിന്റെ പാപങ്ങൾക്കു വേണ്ടിയാണ് കർത്താവ് മരിച്ച് അടക്കപ്പെട്ട് ഉയിർത്തത്. ഒരു വിശ്വാസിയുടെ കല്ലറ കർത്താവിന്റെ വരവിൽ തുറക്കപ്പെടും എന്ന് ഓർക്കുക.

ഗാനം

ഹൃദയത്തിന്റെ നൊമ്പരം

പി.വി. സന്തോഷ്, വയനാട്

പ്രാർത്ഥന കേൾക്കേണമേ
എൻ യാചനക്കുത്തരം നൽകണമേ..
ഹൃദയം നുറുങ്ങി ഞാൻ മുട്ടി വിളിക്കുമ്പോൾ
കരുണ തൻ വാതിൽ തുറക്കേണമേ... (2) (പ്രാർത്ഥന......)

ബലിയേകുവാൻ എന്നിൽ കൊച്ചരി പ്രാവില്ല
കാലിൽ പകരുവാൻ സുഗന്ധ തൈലമില്ല
എന്നിലെ സമസ്തവും നിനക്കായ് സമർപ്പിക്കാം
എൻ ഹൃദയത്തിൻ നൊമ്പരം കേൾക്കൂ നാഥാ (2) (പ്രാർത്ഥന....)

കണ്ണീരൊപ്പുവാൻ ദുഃസ്ഥിതി മാറ്റുവാൻ
വേഗമെന്നിൽ വരേണമേ പ്രാണപ്രിയാ
എന്റെ കരച്ചിൽ തിട്ടമായി അറിയുന്നവൻ
കണ്ണീർക്കണങ്ങൾ ശേഖരിക്കുന്നവൻ നീ നാഥാ (2) (പ്രാർത്ഥന....)

ലോകമാം മോഹത്തിൻ വാതിലടച്ചു ഞാൻ
ഹൃദയത്തിൻ വാതിൽ നിനക്കായ് തുറന്നു തന്നു
അനുഗ്രഹ മാരിയായി എന്നിൽ നിറഞ്ഞു
എന്റെ പ്രാർത്ഥനയ്ക്കുത്തരം അരുളൂ (2) (പ്രാർത്ഥന ....)

➢➢

1.30 വരെയും, ഉച്ചകഴിഞ്ഞ് 3.30 മുതൽ 6 മണിവരെയുമാണ് പ്രവർത്തനം. 6 മണിയാകുമ്പോൾ തന്നെ ഇവിടെ നല്ല ഇരുട്ട് വീഴുകയാണ്. ഞങ്ങൾ പോകുന്ന പല ഗ്രാമങ്ങളും ഒരു പ്രാവശ്യം പോലും യേശുവിനെക്കുറിച്ച് കേട്ടിട്ടില്ലാത്ത സ്ഥലങ്ങളാണ്. ഒരു ഗ്രാമവാസി ചോദിച്ചത്: "ജീസു ക്രിസ്തു കോൻ ഹെ?" (ആരാണ് യേശുക്രിസ്തു) എന്നാണ്. എഴുത്തും വായനയും അറിയുന്നവരാണ് മിക്കവാറും ഗ്രാമീണർ. അതിനാൽ തന്നെ ബൈബിളുകളും പുതിയനിയമ പ്രതികളും അനേകർ വാങ്ങുന്നുണ്ട്. ഈ ദിവസങ്ങളിലെ പ്രവർത്തനങ്ങളിൽ 7000 ത്തിലധികം ട്രാക്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വചനമാകുന്ന വിത്ത് ഫലം പുറപ്പെടുവിക്കുവാൻ ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന ആവശ്യമാണ്. മത്സ്യകൃഷിയും വിപണനവും ഈ മേഖലയിലെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. എല്ലാ ഗ്രാമങ്ങളിലും ചെറുതും വലുതുമായ അനേകം മീൻ വളർത്തൽ കേന്ദ്രങ്ങൾ കാണാൻ കഴിഞ്ഞു.

ചോബാൻ എന്ന ഗ്രാമത്തിൽ പരസ്യയോഗം നടന്നുകൊണ്ടിരിക്കുമ്പോൾ സുവിശേഷവിരോധികളുടെ എതിർപ്പുമൂലം പ്രസംഗം നിർത്തി മടങ്ങിപ്പോരേണ്ടി വന്നു. ഇതൊഴികെ പ്രവർത്തനങ്ങൾക്ക് മറ്റു തടസ്സങ്ങളൊന്നും ഇതുവരെയില്ല. ടീമംഗങ്ങൾക്കു അല്പമായി ശാരീരിക അസ്വസ്ഥതകൾ ഉണ്ടായി എങ്കിലും ദൈവകൃപയാൽ അതെല്ലാം മാറുവാനും പ്രവർത്തനം സുഗമമായി തുടരുവാനും ഇടയാകുന്നു.

കഴിഞ്ഞ 20–ൽ അധികം വർഷമായി ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മണ്ണൂർ സ്വദേശി സുവിശേഷകൻ പോൾ വർഗീസും കുടുംബവും ഈ പ്രവർത്തനങ്ങളിൽ വളരെയധികം പിൻബലം നൽകുന്നു. 2004 ൽ ആണ് ഇവിടെയൊരു സഭാകൂടിവരവ് സഹോദരൻ ആരംഭിക്കുന്നത്. ഇപ്പോൾ 35 പേരോളം ആരാധനയ്ക്കായി കൂടി വരുന്നു. പ്രിയ സഹോദരനെയും തന്റെ പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കേണമെ.
തന്നെക്കൂടാതെ സുവിശേഷകന്മാരായ ശ്യാം പ്രസാദ്, റോമൻ സിൻഹ, തൊരുൺ മണ്ഡൽ, സലീൽ സിൻഹ, ദീപ്ദാസ് ഗുപ്ത എന്നിവർ ടീമിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയും സഹകരണവും ബംഗാളിൽ അനേകരെ കർത്താവിലേക്ക് നയിക്കുവാൻ തുടർന്നും ഇടയാക്കട്ടെ എന്നു ആശിക്കുന്നു.

ഗാനം

സ്തുതിയും ആരാധനയും

കെ.കെ. കുര്യാക്കോസ്
ചുങ്കത്തറ, നിലമ്പൂർ

ഉന്നതനെ... വന്ദിതനെ
രാജാധി രാജാ ദേവാ
അങ്ങേ ഞാൻ സ്തുതിക്കുന്നു
നിത്യം ആരാധിക്കുന്നു (2) (ഉന്നതനെ....

പാപിയാം എന്നെത്തേടി
ശാപ ക്രൂശിലേറി
അങ്ങേ ഞാൻ സ്തുതിക്കുന്നു
നിത്യം ആരാധിക്കുന്നു (2) (ഉന്നതനെ...

ഉന്നതത്തിൽ നിത്യ വീട്
എനിക്കായ് ഒരുക്കുന്നവനേ
അങ്ങേ ഞാൻ സ്തുതിക്കുന്നു
നിത്യം ആരാധിക്കുന്നു (2) (ഉന്നതനെ...

വീണ്ടും വരാമെന്ന്
വാഗ്ദത്തം തന്ന ദേവാ
അങ്ങേ ഞാൻ സ്തുതിക്കുന്നു
നിത്യം ആരാധിക്കുന്നു (2) (ഉന്നതനെ...

മഹത്വത്തിൽ

ഇംഗ്ലണ്ട്: നമ്മുടെയിടയിൽ വന്ന് വചനം ശുശ്രൂഷിച്ച ബ്രദർ മൈക്കിൾ ബ്രൗണിന്റെ ഭാര്യ **ഗ്രേസ് ബ്രൗൺ (82)** ഇംഗ്ലണ്ടിലെ ബാത്ത് എന്ന സ്ഥലത്തു വച്ച് ജനു. 7–ന് നിര്യാതയായി. ജനു. 26–നു ശവസംസ്കാരം അവിടെ നടന്നു. ദുഃഖത്തിലിരിക്കുന്ന കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കാം.

കവിയൂർ: ഇലവിനാൽ–കോട്ടൂർ കിണറ്റുകരയിൽ ബ്രദർ കെ.സി. ജേക്കബിന്റെ മകൻ **പോൾസൺ (20)** ഫെബ്രു. 2–നുണ്ടായ ബൈക്ക് അപകടത്തെത്തുടർന്ന് ഫെബ്രു. 17–ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം ഫെബ്രു. 20–ന് മുട്ടത്തുപാറ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

ഇലന്തൂർ: കുഞ്ചച്ചേടത്ത് പരേതനായ കെ.എം. ഏബ്രഹാമിന്റെ ഭാര്യ **തങ്കമ്മ (85)** ഫെബ്രു. 13–ന് പ്രത്യാശാ തീരത്തേക്കു ചേർക്കപ്പെട്ടു. ഇലന്തൂർ ഈസ്റ്റ് ബ്രദറൺ സഭാംഗമായിരുന്നു. ഫെബ്രു. 18–ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

മാനന്തവാടി: താന്നിക്കൽ ബ്രദറൺ സഭാംഗവും മൂപ്പനുമായിരുന്ന പ്ലാവേലിൽ **പി.റ്റി. ഡാനിയേൽ (കുഞ്ഞൂട്ടി–77)** ഫെബ്രു. 3–ന് കർത്താവിൽ നിദ്രപ്രാപിച്ചു. മൃതദേഹം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

പത്തനാപുരം: കലഞ്ഞൂർ ആലപ്പാട്ട് അൻസൻ വില്ലയിൽ **എ.കെ. മത്തായി (ബേബി–76)** ഫെബ്രു. 12–ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം 16–ന് കലഞ്ഞൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.

പാലക്കാട്: കോട്ടേകുളം ബ്രദറൺ സഭാംഗമായ പുത്തൻ പുരയ്ക്കൽ **തങ്കമ്മ വർഗീസ് (77)** ഫെബ്രു. 18–ന് പ്രത്യാശാ തീരത്തേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.

ബൈബിൾ ക്വിസ് -72

2 രാജാക്കന്മാർ

1. വീണക്കാരനെ ആവശ്യപ്പെട്ട പ്രവാചകൻ ആര്?
2. ചിവിട്ടുകൊണ്ട് ചത്തവൻ ആര്?
3. തന്റെ മകൻ മരിച്ചപ്പോൾ രാജസന്തതികളെ നശിപ്പിച്ചവൾ ആര്?
4. എലീശാ പ്രവാചകൻ അവസാനമായി കോപിച്ചതാരോട്?
5. യിസ്രായേലിലെ ധനവാന്മാരോട് അമ്പതു ശേക്കെൽ വെള്ളി വീതം പിരിച്ചതാര്?
6. റബ്– ശാക്കേയുടെ വാക്കുകൾ കേട്ടപ്പോൾ രട്ടുടുത്തവരായി യെശയ്യാ പ്രവാചകന്റെ അടുക്കൽ അയച്ച താരെ?
7. ഹിസ്കീയാവ് ദീനമായി കിടന്നിരുന്നു എന്നു കേട്ടിട്ടു തനിക്കു എഴുത്തും സമ്മാനവും കൊടുത്തയച്ച ബാബേൽ രാജാവാര്?
8. എല്യാക്കീം മരിച്ചതെവിടെ വെച്ച്?
9. "അവൾക്കു മകനില്ലല്ലോ; അവളുടെ ഭർത്താവു വൃദ്ധനുമാകുന്നു." ആര് ആരോടു പറഞ്ഞു?
10. "അടിയങ്ങളോട് അരാം ഭാഷയിൽ സംസാരിക്കേണമേ; അതു അടിയങ്ങൾക്കറിയാം." ആര് ആരോടു പറഞ്ഞു?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

ബൈബിൾ ക്വിസ് 69 – ശരിയുത്തരങ്ങൾ

1. എലീശാ (2:21) 2. യെഹോരാം (5:8) 3. സഭായോഗം വിളിച്ചു (10:20,21) 4. മില്ലോഗൃഹത്തിൽവച്ച് (12:21) 5. അസര്യാവ്(15:5) 6. ഹലഹിലും ഹാബോരിലും മേദ്യരുടെ പട്ടണങ്ങളിലും (18:11) 7. ഹിസ്കീയാവ് (20:2) 8. യോശീയാവ് (23:11) 9. ഏലിയാവ് എലീശായോട് (2:10) 10. അകമ്പടി നായകൻ എലീശായോട് (7:2)

ക്വിസ് 66 – ശരിയുത്തരം അയച്ചവർ

P.V. Elizabeth Peroorkada, Sheena Santhosh Thriperumthura, Mary George Pazhavangadi, C.A. Annakutty Iringole, Annamma Samuel Thriperumthura, Shiji Anil chiryinkeezhu, Jolly Mathew Kalanjoor, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Annamma Baby Ponkunnam, Nicy Renji Cheppad, Rosamma Thomas Thadiyoor, Thankamma Varghese Eraviperoor, Philomol K. Varghese South Chittoor, Rachel Manesh Wadakkanchery, C.M. Daniel Kizhakkumpattukara, Spurjan K.J. Russelpuram, P.K. Georgekutty Iringole, Mercy Rumees Manalithara, K.Prabhakaran Naruvammoodu, Annamma Alexander Chengannur, J. Suseela Ammanoorkonam, Joyce Sunny Muvattupuzha, Ponnamma Raju Sharjah, Jeemon Daniel Mallappally, Jane Mathews Dhoni Palakkad, Mariamma Thomas Kunnanthanam, Jibin Bijoy Koratty, Annamma Chacko Mannarathara, Mariamma Thomas Pazhavangadi, Elsy Peter Puthoor Thrissur, Jisha Roy Ooramana, Mary Jacob Hydrabad, Sam Kizhavaramannil Mumbai, Valsamma Thomas Jhansi

ക്വിസ് 68 – ശരിയുത്തരം അയച്ചവർ

P.V. Elizabeth Peroorkada, Sheena Santhosh Thriperumthura, Mary George Pazhavangadi, C.A. Annakutty Iringole, Annamma Samuel Thriperumthura, Shiji Anil chiryinkeezhu, Jolly Mathew Kalanjoor, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Annamma Baby Ponkunnam, Nicy Renji Cheppad, Rosamma Thomas Thadiyoor, Kunjunjamma Moses Elanthoor, Thankamma Varghese Eraviperoor, Philomol K. Varghese, South Chittoor, Rachel Manesh Wadakkanchery, C.M. Daniel Kizhakkumpattukara, Mariamma Varghese Chelikuzhy, Spurjan K.J. Russelpuram, P.K. Georgekutty Iringlole, Mercy Rumees Manalithara, P.J. Samuel Edappally, Rachel Abraham Vikhroli Mumbai, Sheeba Jannet Bangalore, Saramma Thomas Kottayam, K.Prabhakaran Ammanoorkonam, Annamma Alexander Chengannur, J. Suseela Ammanoorkonam, Joyce Sunny Muvattupuzha, Ponnamma Raju Sharjah, Darley Samuel Chennai, Saramma Paulose Ooramana, Jeemon Daniel Mallappally, Jane Mathews Dhoni Palakkad, Mariamma Thomas Kunnanthanam, Tony Varghese Mylapra

വിമൻസ് ബൈബിൾ ക്യാമ്പ്

കുമ്പനാട്: പന്ത്രണ്ടു വയസ്സിനു മേൽ പ്രായമുള്ള യുവസഹോദരിമാർക്കായി നടത്താറുള്ള കുമ്പനാട് സെന്റർ സോദരീ സമാജത്തിന്റെ വിമൻസ് ബൈബിൾ ക്യാമ്പ് 2015 ഏപ്രിൽ 6 തിങ്കൾ മുതൽ 11 ശനി വരെ കുമ്പനാട് ബ്രദറൺ സഭാഹാളിൽ നടക്കുന്നു. ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 6 തിങ്കളാഴ്ച രാവിലെ 10 മണിക്ക് കുമ്പനാട് ബ്രദറൺ സഭാഹോളിൽ വന്നു ചേരേണ്ടതാണ്.

എലിസബത്ത് ബെന്നി (സെക്രട്ടറി)

എസ്.ബി.എസ്. ജനറൽ പ്രയർ

സുവിശേഷകൻ ബാലസംഘം ജനറലിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രാർത്ഥന മാർച്ച് 6 വെള്ളിയാഴ്ച 6.30 മുതൽ എസ്.ബി.എസ്. ജനറൽ ട്രഷറാർ റാന്നി- കണ്ടൻപേരൂർ സഹോദരൻ കെ.എം. ജോൺസണിന്റെ ഭവനത്തിൽ വച്ച് നടക്കുന്നു. എല്ലാ എസ്.ബി.എസ്. പ്രവർത്തകരും പ്രാർത്ഥനാ സഹകാരികളും പങ്കെടുക്കുക.

സി.എം. ചാക്കോ
(പ്രയർ കോ-ഓഡിനേറ്റർ)

സുവിശേഷകന്മാരുടെ പ്രാർത്ഥന

കൊട്ടാരക്കര: സുവിശേഷകന്മാരുടെ അടുത്ത പ്രാർത്ഥനായോഗം കൊട്ടാരക്കര പുലമൺ ഗോസ്പൽ ഹാളിൽ മാർച്ച് 3 ചൊവ്വ രാവിലെ 10-ന് നടക്കുന്നതിനാൽ സുവിശേഷകന്മാർ പ്രാർത്ഥനയോടെ പങ്കെടുക്കുക.

സാം സഖറിയ

➢ 1-ാം പേജിൽ നിന്നും തുടർച്ച

ദിവ്യ ഗുണങ്ങളായ

18:35). ക്ഷിപ്രകോപിയായിരുന്ന പത്രോസിന്റെ ഹൃദയം ദൈവസ്നേഹത്താൽ നിറഞ്ഞപ്പോൾ ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിപ്പാൻ വിളിക്കപ്പെട്ടതുകൊണ്ട് അനുഗ്രഹിക്കുന്നവരായിരിപ്പിൻ എന്ന് പ്രബോധിപ്പിക്കത്തക്കവണ്ണം അവനിൽ രൂപാന്തരം ഉണ്ടായി (1 പത്രോ. 3:9). ഈ അനുഭവത്തിൽ വിശ്വാസജീവിതത്തിൽ വളർച്ച പ്രാപിക്കുന്ന വ്യക്തിയായി ഓരോ വേർപെട്ട വ്യക്തിയും തീരണം. ആയതിനാൽ ദിവ്യസ്വഭാവത്തിനു നമുക്കും കൂട്ടാളികളായിത്തീരാം.

സ്നേഹത്തിന്റെ ഉയരം

ഗുരുവിനെപ്പോലെ ശിഷ്യൻ ആയിത്തീരണം. മനുഷ്യരിൽ പ്രശസ്തരായവരാരും മറ്റുള്ളവർ തങ്ങൾക്കു തുല്യരായിത്തീരുന്നത് ഇഷ്ടപ്പെടുന്നില്ല. എന്നാൽ നമ്മുടെ ദൈവം നാം അവനു സദൃശരായിത്തീരണം എന്നു ആഗ്രഹിക്കുന്നു. അതിനായിട്ടത്രെ ഏകജാതനായ പുത്രനെ ഭൂമിയിലേക്ക് അയച്ച് ക്രൂശ് മരണത്തിന് ഏൽപ്പിച്ചത്, അവിടുന്നു ഉയിർത്തെഴുന്നേൽപ്പിക്കയും ചെയ്തത്. പിതാവ് പുത്രനെ ഉയർത്തിയതുപോലെ പുത്രൻ നമ്മെയും ഉയർത്തുവാൻ ആഗ്രഹിക്കുന്നു. ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി (മത്താ. 10: 24) എന്നു യേശു കർത്താവു പറഞ്ഞിട്ടുണ്ട്. ആകയാൽ നമ്മുടെ ആത്മികവും ഭൗതികവുമായുള്ള ഉയർച്ചയിൽ നാം സന്തോഷിക്കണം.

സ്നേഹത്തിന്റെ ആഴം

ഇത് താഴ്മയെ കാണിക്കുന്നു. ക്രിസ്തു താഴ്മയുള്ളവനായിരുന്നതുപോലെ നാമും ദൈവത്തിന്റെ സന്നിധിയിൽ താഴ്മയുള്ളവരായി നടക്കണമെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു (മീഖാ. 6:8). ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ (മത്താ. 11:18) ആരും ആർക്കും മീതെയല്ല സഹോദര ബന്ധത്തിൽ ദൈവസ്നേഹത്തെ സൂക്ഷിക്കുന്നവർ തന്നെ. കീഴടങ്ങുന്ന മനോഭാവം രക്ഷിപ്പെട്ട ഒരു വേർപെട്ട വിശ്വാസിക്ക് ഉണ്ടാകണമെന്നതാണ് (1 പത്രോ. 5:8). ദൈവസ്നേഹത്തിന്റെ വീതിയും നീളവും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിച്ച് സ്നേഹത്തിന്റെ സമ്പൂർണ്ണതയും സഹിഷ്ണുതയും പ്രാപിച്ച് അവന്റെ വരവിനായി കാത്തിരിക്കാൻ ദൈവം നമുക്ക് കൃപ നൽകട്ടെ.

സോദരീ ഭവനിൽ നിന്നുള്ള അറിയിപ്പ്

കൊല്ലം: ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂളിന്റെ 7-ാം ബാച്ചിനെ 2015 മാർച്ച് 7-ാം തീയതി ദൈവകരങ്ങളിൽ ഏൽപ്പിച്ച് മടക്കി അയക്കുവാൻ ആഗ്രഹിക്കുന്നു. വിവിധ നിലയിൽ സഹകരിച്ചിട്ടുള്ള എല്ലാവരും ഈ സമാപന സമ്മേളനത്തിലും പങ്കെടുക്കണമെന്ന് അപേക്ഷിക്കുന്നു. അടുത്ത ബാച്ച് 2015 ജൂൺ 20-ന് ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിൽ ചേർന്നു പഠിക്കുവാൻ താല്പര്യപ്പെടുന്നവർ 18 വയസ്സിനുമേൽ പ്രായമുള്ളവരും രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു സ്ഥലം സഭയോടു ചേർന്നു കൂട്ടായ്മ അനുഷ്ഠിക്കുന്നവരുമായിരിക്കണം. 2015 മെയ് 1-നു മുൻപു അപേക്ഷിക്കേണ്ടതാണ്.

39-ാമത് സിസ്റ്റേഴ്സ് കോൺഫറൻസ് 2015 ഏപ്രിൽ 2 വ്യാഴം രാവിലെ 9.30 -ന് ആരംഭിച്ച് 4-ാം തീയതി ഉച്ചയ്ക്ക് 1 മണിയോടെ അവസാനിക്കുന്നു.

മൂന്ന് ആഴ്ചത്തെ ബൈബിൾ സ്കൂൾ ഏപ്രിൽ 5 ഞായർ വൈകിട്ട് 4-ന് ആരംഭിച്ച് 25-ാം തീയതി ശനിയാഴ്ച 12.30 ന് തീർക്കുവാൻ ആഗ്രഹിക്കുന്നു. 14 മുതൽ 25 വയസ്സു വരെ പ്രായമുള്ള യുവസഹോദരിമാർക്ക് ചേർന്നു പഠിക്കാവുന്നതാണ്.

ജോയിസ് മാത്യു

സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ്

ജൂൺ 11 മുതൽ 14 വരെ

ഹൂസ്റ്റൺ: ഈ വർഷത്തെ സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസ് ജൂൺ 11 മുതൽ 14 വരെ ഡാളസിലുള്ള റാഡിസൺ ഹോട്ടലിൽ വച്ചു നടക്കുന്നതാണ്. "സജീവമായ ക്രിസ്തീയ ജീവിതം" എന്നതാണ് കോൺഫറൻസിന്റെ മുഖ്യ പ്രസംഗ വിഷയം. ഡോക്ടർ അലക്സാണ്ടർ കുര്യൻ ഡാളസ്, ബ്രദർ റാൻണ്ടി ആമോസ്, പോർട്ടുലാന്റ് ഒറിഗൺ, ബ്രദർ ജോർജ്ജ് മാത്യൂ ഇന്ത്യ എന്നിവരാണ് മുഖ്യ പ്രസംഗകർ. യുവജനങ്ങളുടെ സമ്മേളനങ്ങളിൽ സഹോദരന്മാരായ ഡാൻ ലിമ്മും, ജോബി മത്തായി ഡാളസും സംസാരിക്കുന്നതാണ്. സെക്രട്ടറിയായി ബ്രദർ ജേക്കബ് തോമസ് ഡാളസ്, ട്രഷററായി ബ്രദർ നവീൻ സക്കറിയ ഡാളസ്, അസിസ്റ്റന്റ് ട്രഷററായി ബ്രദർ എം.ഓ. മോഹൻ ഡാളസ് എന്നിവർ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി പ്രവർത്തിക്കുന്നു. കാലം അതിന്റെ അന്ത്യത്തിലേക്കു ക്രമേണ നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ വ്യക്തികൾ സജീവമായ ക്രിസ്തീയ ജീവിതം നയിക്കുന്നതിനു സമ്മേളനം അനുഗ്രഹമായിത്തീരുവാൻ വിശ്വാസികൾ പ്രാർത്ഥിക്കുക.

ജേക്കബ് തോമസ്, ഡാളസ് (സെക്രട്ടറി)

പ്രത്യേക ശ്രദ്ധയ്ക്ക്

- വരിസംഖ്യ അയക്കുന്നവർ അഡ്രസ്സ് ദയവായി വ്യക്തമാക്കുക. മണിയോർഡർ ഫോമിൽ നിന്ന് പണമയക്കുന്നവരുടെ അഡ്രസ്സ് വ്യക്തമായി ലഭിക്കുന്നില്ല.
- രണ്ടു കോപ്പി ലഭിക്കുന്നവർ യഥാസമയം അറിയിക്കുക.
- വാർത്തകളും രചനകളും ഇമെയിൽ, തപാൽ, നേരിട്ട് ചീഫ് എഡിറ്റർക്ക് എത്തിക്കുക. കഥ, കവിത, ബൈബിൾ വിഷയാധിഷ്ഠിത ലേഖനം, പഠന ലേഖനങ്ങൾ, ഫീച്ചറുകൾ, അനുഭവങ്ങൾ, അഭിമുഖങ്ങൾ, മിഷനറി യാത്രാനുഭവങ്ങൾ, ദുരുപദേശ ഖണ്ഡനം, സഭാവാർത്തകൾ, കാലിക പ്രസക്തമായ വാർത്തകൾ എന്നിവയ്ക്കാണ് പ്രാമുഖ്യം. വ്യക്തിപരമായ വിമർശനങ്ങളോ സഭയിലെ ഗ്രൂപ്പു വാർത്തകളോ പ്രസിദ്ധീകരിക്കുന്നതല്ല. ലേഖനങ്ങൾ ഒരേ സമയം തന്നെ കോപ്പിയെടുത്ത് വിവിധ മാസികകൾക്ക് അയയ്ക്കുന്നവർ ഇത്തരം കോപ്പികൾ സുവിശേഷ ധ്വനിക്ക് അയക്കരുത്. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു തന്നെയായിരിക്കും.
- വരിസംഖ്യ കുടിശ്ശിക വരുത്താതെ സഹകരിക്കുക.

ചിന്ത
റ്റി. വി. എസ്.

വിജയത്തിന്

വിശ്വാസത്തിന്റെ പരിശീലനം

മനുഷ്യമനസ്സിന്റെ ഉള്ളിൽ കുടികൊള്ളുന്ന ആ മഹാശക്തിയുടെ വലുപ്പത്തെക്കുറിച്ച് ബോധവാന്മാരല്ല മിക്ക മനുഷ്യരും. അതിനാൽ ആ ശക്തിയെ ഒന്നു പരീക്ഷിച്ചു നോക്കാൻ പോലും ആരും തുനിയാറില്ല. ലോകത്തിലെ ഒരു ശക്തിക്കും കീഴടങ്ങാത്ത അജയ്യ ശക്തിയുടെ ഭണ്ഡാഗാരം മനുഷ്യനിൽ സ്ഥിതിചെയ്യുന്നു. അതുകൊണ്ടാണ് അലക്സാണ്ടർ ചക്രവർത്തിയെപ്പോലുള്ള ഭരണ സാരഥികൾ തങ്ങളുടെ കഴിവുകളെ ഉപയോഗിച്ച് ജയാളിയായി ചരിത്രത്തിന്റെ താളുകളിൽ മായാമുദ്രകൾ പതിപ്പിച്ചത്. ഈ ശക്തിയുടെ ചിറ മുറിച്ചു വിടുന്നത് അവരിൽ മറഞ്ഞിരിക്കുന്ന ശക്തിയെ വിശ്വാസത്താൽ ഉണർത്തുന്നതുകൊണ്ടാണ്. അപ്പോൾ മാനസ്സികവും, വൈകാരികവും, ആദ്ധ്യാത്മികവും ആയ ശക്തിയുടെ വലിയ കുത്തൊഴുക്ക് നമ്മുടെ സർവ്വ പരാജയ ചിന്തകളെയും തകർത്ത് മുന്നോട്ടു നയിക്കും.

ചെറുപ്പത്തിൽ പിള്ളവാതം പിടിച്ച് ജീവിതത്തിൽ ഒരിക്കലും എഴുന്നേറ്റ് നടക്കുവാൻ പോലും സാധിക്കയില്ലായെന്ന് വിധിയെഴുതിയ വോൾട്ടർ ഡേവീസിന്റെ കഥ കേട്ടിട്ടുണ്ട്. ആരെയും അത്ഭുതപരതന്ത്രരാക്കി തീർക്കുന്ന സംഭവമാണത്. "ഇവൻ ഇനി ഒരിക്കലും എഴുന്നേറ്റു നടക്കുവാൻ പോകുന്നില്ല" എന്ന് ചെറുപ്പത്തിൽ തളർന്നു കിടന്നിരുന്ന വോൾട്ടർ ഡേവീസിനെപ്പറ്റി ജനം പറഞ്ഞിരുന്നു. പിള്ളവാതം പിടിച്ച് കിടന്നിരുന്ന കുട്ടി എങ്ങനെ എഴുന്നേറ്റു നടന്നു എന്നല്ലെ അറിയേണ്ടത്. വോൾട്ടറിന്റെ പള്ളിയിലെ വികാരി അച്ചൻ അവന്റെ ഇളയ ഹൃദയത്തിൽ ഇളകി കിടന്നിരുന്ന വളക്കൂറുള്ള മണ്ണിൽ വിശ്വാസത്തിന്റെ വിത്തു വിതച്ചു. ഓരോ ദിവസവും സന്ദർഭം കിട്ടുമ്പോൾ ആ വിത്തിനെ അച്ചൻ ദൈവവചനത്താലും പ്രാർത്ഥനയാലും നനയ്ക്കുവാൻ തുടങ്ങി. തൽഫലമായി വിശ്വാസം തഴച്ചു വളരുവാൻ തുടങ്ങി വോൾട്ടയറിന്റെ ഉപബോധമനസ്സിൽ ആഴത്തിൽ വേര് ഇറങ്ങിയ വിശ്വാസം മെല്ലെ അവനെ എഴുന്നേൽപ്പിച്ചു. നടക്കുവാനും, പിന്നീട് ഓടുവാനും ബലം അവന്റെ കാലുകൾക്ക് നൽകി.

> കാലിനെ ബലപ്പെടുത്തുന്നതിന് താൻ ക്ലേശകരമായ പരിശീലനം ചെയ്യുന്നതു കണ്ട് തന്റെ ഭാര്യ പറഞ്ഞു. "വോൾട്ടർ നിങ്ങളുടെ മനസ്സിനും കൂടെ ശക്തി വേണം."

ഒരിക്കൽ ഒരു കുട്ടി ഹൈജമ്പ് ചാടുന്നത് വോൾട്ടർ കണ്ടു. അതുപോലെ തനിക്കും ചാടണം എന്ന് ഒരു മോഹം. മെല്ലെ ഒന്നു ചാടി നോക്കി. അതിൽ വിജയിച്ചപ്പോൾ തനിക്കു കുറെക്കൂടെ വിശ്വാസം വർദ്ധിച്ചു. അങ്ങനെ താൻ ഹൈജമ്പിൽ പരിശീലനം തുടങ്ങി- വർഷങ്ങൾ പലതു കഴിഞ്ഞു താൻ വിവാഹിതനായി. കാലിനെ ബലപ്പെടുത്തുന്നതിന് താൻ ക്ലേശകരമായ പരിശീലനം ചെയ്യുന്നതു കണ്ട് തന്റെ ഭാര്യ പറഞ്ഞു. "വോൾട്ടർ നിങ്ങളുടെ മനസ്സിനും കൂടെ ശക്തി വേണം." തന്റെ ഭാര്യയുടെ അഭിപ്രായം താൻ പ്രായോഗികമാക്കി- ആ പ്രസ്താവന തന്നെ ഹൈജമ്പിൽ ലോക ചാമ്പ്യനെന്ന കീർത്തി നേടാൻ ഇടയാക്കി. ചലനമില്ലാതെ കിടന്നിരുന്ന അദ്ദേഹം എത്രയോ ഉയരത്തിൽ എത്തി.

പ്രിയ ദൈവമക്കളെ, നമ്മുടെ ഉപബോധ മനസ്സിൽ മറഞ്ഞിരിക്കുന്ന ശക്തിയെ വിശ്വാസത്താൽ പ്രായോഗികമാക്കാത്തതിനാലാണ് വിശ്വാസത്തിന്റെ ഉയരങ്ങളെ കീഴടക്കുവാൻ നമുക്ക് സാധിക്കാതെ പോകുന്നത്. വിശ്വാസത്തിന്റെ മഹാശക്തിയെ നമുക്ക് മനസ്സിലാക്കുവാൻ ദൈവം തരുന്ന സാഹചര്യങ്ങളെ വേണ്ടതുപോലെ നാം ഉപയോഗിക്കാത്തതിനാലാണ്. ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോലെ, 'കർത്താവെ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചു തരേണം' എന്ന് നമുക്കു പ്രാർത്ഥിക്കാം. ●

SUVISESHA DHWANI
Fortnightly
Vol. 37 Issue 39
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

Please send news and articles to:

Chief Editor
Samuel Thomas
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
V. S. Mathew & Jose Philip

Send your drafts & money order to :

Managing Editor
P.S. Ninan
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
John Thomas
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

28.02.2015

REGISTERED
Reg. No. RN 29475/78
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

If not delivered, please return to :
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: **D**'Club, Kallissery.